I ഇ.ബി. XII-കേരള നിയമസഭ /V-14

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 ജൂലായ് 12, വ്യാഴം

നിയമസഭ രാവിലെ 8.30- ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധ ക്ഷണിക്കൽ

### (1) റീജണൽ പാസ്പോർട്ട് ഓഫീസ്

**ശ്രീ. എം. മുരളി**: എറണാകുളത്തും തിരുവനന്തപുരത്തും പ്രവർത്തിക്കുന്ന റീജണൽ പാസ്പോർട്ട് ആഫീസുകളിൽ പുതിയ പാസ്പോർട്ടിനായി ഒരു ദിവസം ശരാശരി ആയിരം അപേക്ഷകൾ വീതം വരുന്നുണ്ട്. കൂടാതെ എൻഡോഴ്സ്മെന്റിനും എമിഗ്രേഷൻ ക്ലിയറൻസിനുമായി ഒരു ദിവസം 500-ഓളം അപേക്ഷകളും ലഭിക്കുന്നുണ്ട്. അപേക്ഷകരിൽ പകുതിയിലധികവും മദ്ധ്യ-തിരുവിതാംകൂർ പ്രദേശത്തുനിന്നുള്ളവരാണ്. അപേക്ഷകരുടെ ബാഹുല്യം കാരണം പലർക്കും പാസ്പോർട്ട് ഓഫീസിൽ വീണ്ടും വരേണ്ടിവരുന്നു. അതുകൊണ്ട് മദ്ധ്യ-തിരുവിതാംകൂർ കേന്ദ്രമാക്കി ഒരു റീജണൽ പാസ്പോർട്ട് ആഫീസ് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. മാവേലിക്കരയിൽ പാസ്പോർട്ട് ആഫീസ് തുടങ്ങാൻ സൗജന്യമായി സ്ഥലവും മറ്റ് സൗകര്യങ്ങളും നൽകാൻ

തയ്യാറാണെുള്ള വിവരം മാവേലിക്കര എം.പി. ഇതിനോടകം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ ഓഫീസ് അവിടെ ആരംഭിച്ചാൽ രണ്ടുമൂന്ന് ജില്ലകളിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കും.

**മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ):** തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, മലപ്പുറം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പാസ്പോർട്ട് ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. തൊട്ടടുത്ത ജില്ലകളിൽനിന്നും നിരവധി അപേക്ഷകൾ പ്രസ്തുത ഓഫീസുകളിൽ ലഭിക്കുന്നുണ്ട്. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളെ ഉൾപ്പെടുത്തി ഒരു പാസ്പോർട്ട് ഓഫീസ് ആരംഭിച്ചാൽ അവിടത്തെ അപേക്ഷകർക്ക് കൂടുതൽ സൗകര്യപ്രദമാകുമെങ്കിലും ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. പ്രസ്തുത ജില്ലകളെ ഉൾപ്പെടുത്തി പാസ്പോർട്ട് ആഫീസ് ആരംഭിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നതാണ്.

## (2) കൈത്തറി മേഖലയിലെ പ്രതിസന്ധി

**ശ്രീ. എൻ. അനിരുദ്ധൻ:** കൈത്തറി-നെയ്ത്ത് വ്യവസായം ഗുരുതരമായ പ്രതിസന്ധിയിലാണ്. 124 ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ 60 ശതമാനം സ്ത്രീകളും 32 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗക്കാരുമാണുള്ളത്. വർഷംതോറും 2000 കോടി രൂപയുടെ വിദേശനാണ്യം ഈ രംഗത്തുനിന്നും ലഭിക്കുകയാണ്. ഈ മേഖലയുടെ നവീകരണത്തിനായി നടപ്പാക്കിയ പദ്ധതികൾ വിജയിച്ചിട്ടില്ല. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ ഉയർച്ചയിൽ ഗണനീയ പങ്കുവഹിക്കുന്ന ഈ വ്യവസായം തനത്ശൈലി നിലനിർത്തുന്ന ഒന്നാണ്. 700-ലധികം കൈത്തറി സംഘങ്ങളും ഹാന്റക്സ്, ഹാന്റ്വീവ് എന്നീ

അപ്പക്സ് സംഘങ്ങളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. കൈത്തറി രംഗത്തെ റിസർവ്വേഷൻ നിർത്തിയതും പവർലൂം മേഖലയുടെ വളർച്ചയും വ്യാജ കൈത്തറി മേഖലകളുടെ ഇടപെടലും സിന്തറ്റിക്സ് ഫൈബറിന്റെ കടന്നുകയറ്റവും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സഹായം നിർത്തലാക്കിയതും ഈ വ്യവസായത്തെ ദോഷകരമായി ബാധിച്ചു. ഉൽപ്പാദന-വിപണന രംഗത്തെ പ്രതിസന്ധിമൂലം തൊഴിലാളികൾ ഈ രംഗത്തുനിന്നും പിന്മാറുകയാണ്. സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഈ വ്യവസായത്തിന് ഇപ്പോൾ ലഭിക്കുന്നില്ല. അനിയന്ത്രിതമായ ഉൽപ്പാദനച്ചെലവ്, പലിശ നിരക്കിലെ വർദ്ധനവ്, പരസ്യത്തിന്റെ അഭാവം, ക്രെഡിറ്റ് പർച്ചേസ് നിർത്തലാക്കൽ തുടങ്ങിയവ ഈ മേഖലയെ കൂടുതൽ പ്രതിസന്ധിയിലേക്ക് എത്തിച്ചിരിക്കുകയാണ്. ഇതിന് പരിഹാരം കാണാൻ പുതിയ ഉൽപ്പാദന-വിപണന സമീപനം സ്വീകരിക്കുകയും തൊഴിലാളികളിൽ അവബോധം വളർത്തുകയും മറ്റ് ആശ്വാസ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതോടൊപ്പം സംഘങ്ങളുടെ ഷെയർ കൺവർട്ട് ചെയ്യുന്നതിനും പി.എഫ്., ഇ.എസ്.ഐ. കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും പലിശ നിരക്കിൽ ഇളവുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

**വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം):** ദേശീയ തലത്തിൽ കൈത്തറിവ്യവസായം നേരിടുന്ന പ്രതിസന്ധി കേരളത്തിലും പ്രതിഫലിക്കുന്നുണ്ട്. പ്രത്യേകിച്ച് വിപണി ലക്ഷ്യമാക്കി പരമ്പരാഗത വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കേരളത്തിൽ പ്രതിസന്ധി രൂക്ഷമാണ്. നെയ്ത്തുകാരിൽ ഭൂരിഭാഗവും പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ അംഗങ്ങളാണ്. അപ്പക്സ് സംഘമായ ഹാന്റക്സും ഹാന്റ്‌ലൂമും വൻനഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഉൽപ്പാദനച്ചെലവിലുള്ള

വർദ്ധനവുമൂലം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിക്കുന്നു. റിബേറ്റ് നൽകുമ്പോഴാണ് കാര്യമായ വിൽപ്പന നടക്കുന്നത്. പ്രവർത്തന മൂലധനത്തിന്റെ കുറവും നൂലിന്റെയും പുതിയ ഡിസൈനുകളുടെയും അഭാവവും പ്രാഥമിക സംഘങ്ങളുടെ പ്രധാന പ്രശ്നമാണ്. ഫാക്ടറി ടൈപ്പ് സംഘങ്ങളിൽ ഇ.എസ്.ഐ., പി.എഫ്. കുടിശ്ശിക എന്നിവ നിലനിൽക്കുന്നത് സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നു. ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി രംഗം നവീകരിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഇനിയും നടപടികൾ സ്വീകരിക്കും. കണ്ണൂർ ജില്ലയിലെ മൊറാഴ വില്ലേജിൽ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു സാറ്റലൈറ്റ് സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചിട്ടുണ്ട്. ഫാക്ടറി ടൈപ്പ് നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് യോജിച്ച തരത്തിൽ മിനി ഫ്രീ ലൂം പ്രോസസ്സിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് 2006-07-ൽ 31 പ്രാഥമിക സംഘങ്ങൾക്ക് 60 ലക്ഷം രൂപ നീക്കിവച്ചു. പ്രാഥമിക സംഘങ്ങളിലെ ജീവനക്കാരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും വൈവിധ്യവൽക്കരണത്തിന് പരിശീലനം നൽകുന്നതിനും 20 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്കിടയിലും ജനങ്ങൾക്കിടയിലും ജീവനക്കാർക്കിടയിലും കൈത്തറി-ഖാദി വസ്ത്ര ധാരണം പ്രചരിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. കൈത്തറി സംഘങ്ങളുടെ കുടിശ്ശിക, ക്യാഷ് ക്രെഡിറ്റ് തുടങ്ങിയവ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ക്രമീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്.ജി.എസ്.വൈ. പദ്ധതിയിലൂടെ കണ്ണൂരിലെ മൂവായിരം

നെയ്ത്തുകാർക്കുവേണ്ടി 11.38 കോടിരൂപയുടെ കൃതിക പദ്ധതിയും തിരുവനന്തപുരത്തെ നാലായിരം നെയ്ത്തുകാർക്കുവേണ്ടി 15.76 കോടി രൂപയുടെ തനിമ പദ്ധതിയും നടപ്പാക്കിവരുന്നു. ഹാന്റക്സിന്റെ പുനരുദ്ധാരണത്തിനായി 3648.75 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള കൈത്തറി ഉൽപ്പന്നങ്ങളുടെ കയറ്റുമതി ലക്ഷ്യം 2010 ആകുമ്പോൾ ആയിരം കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അനുയോജ്യമായ പഠനം നടത്തി കൈത്തറി വ്യവസായത്തിൽ സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കും.

## സബ്മിഷൻ.

### (1) <u>'ലിസ്' എന്ന ധനകാര്യസ്ഥാപനത്തിൽ നിന്ന് കോഴ വാങ്ങിയ സംഭവം</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: 'ലിസ്' എന്ന ധനകാര്യ സ്ഥാപനത്തിൽ നിന്ന് ഒരു കോടി രൂപ കോഴ വാങ്ങിയെന്നതിന്റെ പേരിൽ മുഖ്യമന്ത്രി ഉൾപ്പെടുന്ന സി.പി.ഐ. (മാർക്സിസ്റ്റ്) സെക്രട്ടേറിയറ്റ് ദേശാഭിമാനി ഡെപ്യൂട്ടി ജനറൽ മാനേജരായിരുന്ന ശ്രീ. വേണുഗോപാലിനെ പുറത്താക്കുകയുണ്ടായി. ഒരു കോടി രൂപ കോഴ വാങ്ങിയതു സംബന്ധിച്ച് തെളിവുള്ളതാണ്. കേസന്വേഷണം നടത്തുന്ന അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ആരെയും ചോദ്യം ചെയ്തിട്ടില്ല. തെളിവെടുക്കാതെ കേസ് ഒതുക്കാൻ ഗവണ്മെന്റ് ബോധപൂർവ്വം ശ്രമിക്കുകയാണ്. ഇതിൽ നിന്ന് പിന്മാറി കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** പത്രവാർത്തകളുടെയും അഭ്യൂഹങ്ങളുടെയും അടിസ്ഥാനത്തിൽ, കേസ് എടുത്ത് നിയമപരമായ നടപടി സ്വീകരിക്കുമെന്നും ഈ ആരോപണം സംബന്ധിച്ച് നിയമപരമായി നിലനിൽക്കുന്ന പരാതികളോ രേഖകളോ സർക്കാരിനോ പോലീസിനോ ലഭ്യമായിട്ടില്ലെന്നും നിയമസഭയിൽ വ്യക്തമാക്കിയിരുന്നതാണ്. അന്വേഷണം നടന്നു വരുകയാണ്; ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് കുറ്റക്കാരെ കണ്ടുപിടിച്ച് നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്. പാർട്ടിക്ക് അപകീർത്തികരമായി സാമ്പത്തിക ഇടപാട് നടത്തിയതിന്റെ പേരിലാണ് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളത്.

**പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി):** പാർട്ടിക്ക് അപമാനകരമായ രീതിയിൽ സാമ്പത്തിക ഇടപാടുകൾ നടത്തിയതിനാണ് ശ്രീ. വേണുഗോപാലിനെ പുറത്താക്കിയത് എന്നുള്ള രീതിയിൽ വളരെ ലാഘവബുദ്ധിയോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി കാര്യങ്ങൾ വിശദീകരിച്ചത്. ഒരു കോടി രൂപ അദ്ദേഹം കൈക്കൂലി വാങ്ങുകയാണ് ചെയ്തത്. അതിൽ പാർട്ടി മാത്രം നടപടി സ്വീകരിച്ചാൽ പോരാ. ആഭ്യന്തര വകുപ്പ് ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ശ്രീ. വേണുഗോപാലിന്റെ പേരിൽ നടപടി സ്വീകരിച്ചാൽ മറ്റു പല കാര്യങ്ങളും പുറത്തു വരുമെന്നുകണ്ട് പാർട്ടി നടപടിയിലൊതുക്കി കേസന്വേഷണം മരവിപ്പിക്കാൻ ലിസിന്റെ മാനേജ്മെന്റിനെ കൂട്ടു പിടിക്കാനാണ് ഗവണ്മെന്റ് ശ്രമിക്കുന്നത്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം. ഈ അഴിമതിക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിൽ ഗവണ്മെന്റ് കാണിക്കുന്ന അനാസ്ഥയിലും ബോധപൂർവ്വമായ ശ്രമത്തിലും പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

**മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ)**: ഈ പ്രശ്നം സംബന്ധിച്ച് അന്വേഷണം നടത്താൻ ഗവണ്മെന്റ് ഉത്തരവിടുകയും അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയുമാണ്. പ്രശ്നം പാർട്ടിയുടെ ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ശ്രീ. വേണുഗോപാലിനെ പാർട്ടിയിൽ നിന്ന് പുറത്താക്കി.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.)

**(2) പി.എസ്.സി. ലിസ്റ്റ് മറികടന്ന് നടത്തുന്ന നിയമനങ്ങൾ.**

**ശ്രീ. കെ.സി. വേണുഗോപാൽ:** ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II, വനിത പോലീസ് കോൺസ്റ്റബിൾ, വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക് തുടങ്ങിയ തസ്തികകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ വ്യാപകമായ തോതിൽ പിൻവാതിൽ നിയമനങ്ങൾ നടത്തുന്നതു സംബന്ധിച്ച് പരിശോധിക്കാൻ നിയമസഭാ കമ്മിറ്റിയെ ചുമതലപ്പെടുത്തണം.

**മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ):** സർക്കാരിന്റെ വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന 24-6-2006-ലെ കർശന നിർദ്ദേശത്തെത്തുടർന്ന് 2007 മേയ് മാസംവരെ 34816 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും 21549 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമനശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്. ഓരോവർഷവും ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വീണ്ടും 2-2-2007-ൽ കർശന നിർദ്ദേശം നൽകുകയും അതുസംബന്ധിച്ച്

തുടർച്ചയായി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. 2.4.2005-ൽ നിലവിൽ വന്ന ആലപ്പുഴ ജില്ലയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II-ന്റെ റാങ്ക് ലിസ്റ്റിൽ നിന്നും 18 പേരെ നിയമിക്കുകയും ബാക്കിയുള്ള രണ്ട് ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിലോ മറ്റേതെങ്കിലും രീതിയിലോ നിയമനം നടത്തിയിട്ടില്ല. താൽക്കാലിക നിയമനങ്ങൾ കഴിയുന്നതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തുകയാണ് ഈ സർക്കാരിന്റെ നയം.

### (3) അശോകന്റെ ദാരുണമായ കൊലപാതകം

**ശ്രീ. എൻ. ശക്തൻ**: കെ.എസ്.എഫ്.ഇ.യുടെ നെയ്യാറ്റിൻകര ബ്രാഞ്ചിൽ നിന്നും നാലുലക്ഷം രൂപയുമായി തൊട്ടടുത്ത ജില്ലാ സഹകരണ ബാങ്കിലേയ്ക്ക് പോയ പ്യൂൺ അശോകൻ ദാരുണമായി കൊലചെയ്യപ്പെട്ട സംഭവത്തിൽ പ്രതികളെ അടിയന്തിരമായി അറസ്റ്റ് ചെയ്യുന്നതിനും അശോകന്റെ കുടുംബത്തിന് ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ)**: അശോകൻ ദാരുണമായി കൊലചെയ്യപ്പെട്ട സംഭവത്തിൽ നെയ്യാറ്റിൻകര പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു. പ്രതികളെ എത്രയുംവേഗം കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്)**: കർത്തവ്യ നിർവ്വഹണത്തിനിടയ്ക്ക് അതിദാരുണമായി കൊലചെയ്യപ്പെട്ട

കെ.എസ്.എഫ്.ഇ. ഉദ്യോഗസ്ഥനായ അശോകന്റെ കുടുംബത്തെ സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

**(4) <u>ജലകായികമേള സ്പോർട്ട്സ് ഇനമായി പ്രഖ്യാപിക്കൽ</u>**

**<u>ശ്രീ. സി.കെ. സദാശിവൻ:</u>** ആലപ്പുഴ പുന്നമടക്കായലിൽ നടക്കുന്ന നെഹ്രുട്രോഫി വള്ളംകളിയടക്കമുള്ള ജലോൽസവങ്ങൾ കായിക ഇനമായി പ്രഖ്യാപിക്കണം.

**നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>):** 2000-ത്തിലെ സ്പോർട്ട്സ് ആക്ടിൽ നിർദ്ദേശിച്ചിട്ടുള്ള സ്പോർട്ട്സ് ഇനങ്ങളിൽ വള്ളംകളിയും ഉൾപ്പെടുന്നു. ഈ വർഷംതന്നെ കേരളത്തിലെ ജലകായികമേള സ്പോർട്ട്സ് ഇനമായി പ്രഖ്യാപിക്കുന്നതിന് സ്പോർട്ട്സ് കൗൺസിലിന് നിർദ്ദേശം നൽകുന്നതാണ്. ഒളിമ്പിക്സ്, ദേശീയ ഗെയിംസ്, ദേശീയ കായിക മത്സരങ്ങൾ എന്നിവയിൽ വള്ളംകളി ഉൾപ്പെടുത്തുന്നതിന് സ്പോർട്ട്സ് കൗൺസിൽ മുഖാന്തിരം നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**(5) <u>കസ്റ്റഡി മരണം</u>**

**<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>:** പെരുമ്പട്ടി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പോത്രക്കുളം വെയിറ്റിംഗ് ഷെഡ്ഡിൽ നിന്നും പോലീസ് കസ്റ്റഡിയിലെടുത്ത കടമാൻകുഴിയിൽ മനോജിന്റെ കസ്റ്റഡി മരണം സംബന്ധിച്ച് അന്വേഷണം നടത്തി ഫലപ്രദമായ നടപടി സ്വീകരിക്കുകയും കുടുംബത്തിന് ധനസഹായം നൽകുകയും ചെയ്യണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u>** 11-7-2007-ന് വെളുപ്പിന് 4.30-ന് പെരുമ്പട്ടി പോലീസ്

സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പോത്രക്കുളം കള്ളുഷാപ്പിനു സമീപത്തെ വെയിറ്റിംഗ് ഷെഡ്ഡിൽ സംശയാസ്പദമായ നിലയിൽ കണ്ടെത്തിയ മനോജിനെ നൈറ്റ് പട്രോളിംഗിലായിരുന്ന പോലീസ് സംഘം അറസ്റ്റ് ചെയ്യുകയുണ്ടായി. രാവിലെ 9.30-ന് വയറുവേദനയെത്തുടർന്ന് കോട്ടാങ്ങൽ പബ്ലിക് ഹെൽത്ത് സെന്ററിൽ എത്തിച്ച മനോജിന് നെഞ്ചുവേദന അനുഭവപ്പെട്ടതിനെത്തുടർന്ന് ഡോക്ടറുടെ നിർദ്ദേശപ്രകാരം കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ എത്തിച്ച് ചികിത്സ നൽകിയെങ്കിലും രാവിലെ 11.40-ന് മനോജ് മരണപ്പെട്ടു. തുടർന്ന് ആറൻമുള പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് മൃതശരീരം പോസ്റ്റ്മോർട്ടം നടത്തുന്നതിനും ഫോറൻസിക് പരിശോധന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മനോജിനെ കസ്റ്റഡിയിലെടുത്തപ്പോൾ നടപടിക്രമങ്ങൾ പാലിക്കാത്തതിന് പെരുമ്പട്ടി പോലീസ് സബ് ഇൻസ്പെക്ടർ എം.ജി. സോമനേയും ഹെഡ് കോൺസ്റ്റബിൾ കലാധരൻ പിള്ളയേയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുന്നതാണ്.

### (6) <u>കുന്നത്തൂർ പാവുമ്പയിൽ പോലീസ് സ്റ്റേഷൻ</u>

**<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>**: കുന്നത്തൂർ നിയോജകമണ്ഡലത്തിൽ പാവുമ്പയിൽ അനുവദിച്ച പോലീസ് സ്റ്റേഷൻ എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ കോടിയേരി ബാലകൃഷ്ണൻ</u>)**: പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്

തയ്യാറാക്കിയ പ്രയോറിറ്റി ലിസ്റ്റിൽ പാവുമ്പ ഉൾപ്പെട്ടിരുന്നു. ഈ വർഷം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കേണ്ടതില്ലെന്നാണ് ഗവൺമെന്റ് തീരുമാനം. പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന സന്ദർഭത്തിൽ ഇക്കാര്യം പ്രത്യേകം പരിഗണിക്കും.

### (7) <u>ഷാജഹാന്റെ ഭാര്യ ഷമീനയുടെ ദുരൂഹ മരണം</u>

<u>**ശ്രീ. കെ. രാജു**</u>: പത്തനാപുരം താലൂക്കിൽ വിളക്കുടി വില്ലേജിൽ പാലവിള വീട്ടിൽ ഷാജഹാന്റെ ഭാര്യ ഷമീന 8-1-07-ന് സ്വന്തം വീട്ടിൽ മരിച്ച നിലയിൽ കാണപ്പെട്ടു. ഷമീനയെ കൊലപ്പെടുത്തിയതായിട്ടാണ് ബന്ധുക്കൾ ആരോപിക്കുന്നത്. ഈ കേസുമായി ബന്ധപ്പെട്ട് പോലീസ് ഡിപ്പാർട്ടുമെന്റ് നടത്തിയ അന്വേഷണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ കോടിയേരി ബാലകൃഷ്ണൻ)</u>**: ഷമീന 8-1-07-ന് ഷാജഹാന്റെ വീട്ടിൽ കെട്ടിത്തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ടു. ഇതുസംബന്ധിച്ച് പുനലൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ തൂങ്ങിമരണമാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഷമീനയുടെ മരണത്തിൽ ദുരൂഹതയുണ്ടെന്ന ആരോപണമുണ്ടായതിനാൽ ഈ കേസ് അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു. അന്വേഷണത്തിൽ ഷമീനയുടെ ഭർത്താവ്, അയാളുടെ അമ്മ, ജ്യേഷ്ഠൻ, സഹോദരി എന്നിവരുടെ പീഡനംമൂലമാണ് ആത്മഹത്യ ചെയ്തതെന്നാണ് വെളിവാകുന്നത്. കേസന്വേഷണം ക്രൈംബ്രാഞ്ച് കൊല്ലം യൂണിറ്റ് നടത്തിവരികയാണ്.

## (8) <u>ജസ്റ്റീസ് കെ.ടി. തോമസിന്റെ വീട്ടിൽ നടന്ന കവർച്ച</u>

**<u>ശ്രീ. വി.എൻ വാസവൻ</u>:** ജസ്റ്റീസ് കെ.ടി.. തോമസിന്റെ ഭവനത്തിൽ കഴിഞ്ഞ ദിവസം നടന്ന കവർച്ചയിൽ എതാണ്ട് ഒരു ലക്ഷത്തോളം രൂപയുടെ സ്വർണ്ണാഭരണങ്ങളും 29,000 രൂപയും അപഹരിക്കപ്പെട്ടു. ഉന്നത പോലീസ് ടീമിനെ നിയോഗിച്ച് ഇതുസംബന്ധിച്ച് അന്വേഷണം നടത്തണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ കോടിയേരി ബാലകൃഷ്ണൻ)</u>:** ജസ്റ്റീസ് കെ.ടി. തോമസിന്റെ വീട്ടിൽ മോഷണം നടന്നിട്ടുള്ളതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പിലെ ഉന്നത തലത്തിലുള്ള ടീമിനെക്കൊണ്ട് കേസന്വേഷിപ്പിക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

## (9) <u>കോഴിക്കോട് ഗവൺമെന്റ് ഐ.ടി.ഐ-യ്ക്ക് "മികവിന്റെ കേന്ദ്രം" പദവി</u>

**<u>ശ്രീ. എ. പ്രദീപ് കുമാർ</u>:** ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കി കോഴിക്കോട് ഗവൺമെന്റ് ഐ.ടി.ഐ.യെ മികവിന്റെ കേന്ദ്രമാക്കി ഉയർത്താൻ നടപടി സ്വീകരിക്കണം.

**തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u>** കോഴിക്കോട് ഐ.ടി.ഐ-ക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ എം.എൽ.എ ഫണ്ടിൽ നിന്നോ എം.പി ഫണ്ടിൽ നിന്നോ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെയോ ഒരുക്കിയാൽ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം.

## (10) <u>കൊച്ചി നഗരത്തിലെ ഹഡ്കോ കുടിവെള്ള പദ്ധതി</u>

**<u>പ്രൊഫ: കെ.വി. തോമസ്</u> :** 1993-ൽ ആരംഭിച്ച ഹഡ്കോ കുടിവെള്ള പദ്ധതിയുടേയും കലൂർ - കടവന്ത്ര റോഡിന്റേയും കെ.പി. വള്ളത്തോൾ

റോഡിന്റേയും പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

**ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)**: ഹഡ്കോ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം ഓണക്കാലത്തോടുകൂടി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെ.പി. വള്ളത്തോൾ റോഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി വാട്ടർ അതോറിറ്റിക്ക് അടയ്ക്കേണ്ട നാലരലക്ഷം രൂപ അടച്ച് പണി ആരംഭിച്ചിട്ടുണ്ട്. കടവന്ത്ര റോഡുപണി പൂർത്തീകരിച്ചുവെങ്കിലും പുനരുദ്ധാരണ പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ല. ഈ നിയമസഭാ സമ്മേളനം അവസാനിക്കുന്നതിനു മുൻപ് കോർപ്പറേഷൻ ഭാരവാഹികളുടെ യോഗം വിളിച്ചുചേർത്ത് ചർച്ച നടത്തുന്നതാണ്.

### (11) പി.എ. മുഹമ്മദ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിരുദ്ധമായി സ്വാശ്രയ കോളേജുകളുമായി ധാരണയുണ്ടാക്കുന്നത് സംബന്ധിച്ച്

**ശ്രീ. എ.പി. അനിൽകുമാർ**: ഗവൺമെന്റ് പാസ്സാക്കിയ സ്വാശ്രയ നിയമം ഹൈക്കോടതി റദ്ദ് ചെയ്തെങ്കിലും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫീസ് നിർണ്ണയിക്കുന്നതിനുള്ള റെഗുലേറ്ററി കമ്മിറ്റിയുടെ അധികാരം ശരിവച്ചതാണ്. കഴിഞ്ഞ ദിവസം വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് മാനേജുമെന്റുമായി എടുക്കുന്ന ധാരണ റെഗുലേറ്ററി കമ്മിറ്റി അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നാണ്. റെഗുലേറ്ററി കമ്മിറ്റിക്ക് ഒരു വിലയും കൽപ്പിക്കാത്തതെന്താണെന്ന് വ്യക്തമാക്കണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി)**: സ്വാശ്രയ മാനേജുമെന്റുകളുടെ കൺസോർഷ്യവുമായി ചർച്ച നടത്തി ഒരു അഭിപ്രായ സമന്വയമുണ്ടാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

ഫീസ്ഘടന റെഗുലേറ്ററികമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായിട്ടു മാത്രമേ നടപ്പാക്കുകയുള്ളു.

**(12) <u>പട്ടികജാതി പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ</u>**

**<u>ശ്രീ. കെ.വി. കുഞ്ഞിരാമൻ</u>:** കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ):</u>** കാസർഗോഡ് ജില്ലയിൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിന് ശുപാർശ സമർപ്പിക്കാൻ പട്ടികജാതി വികസന വകുപ്പിനോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ കോഴിക്കോട് പ്രീ എക്സാമിനേഷൻ സെന്ററിന്റേയും കിർത്താഡ്സിന്റെയും സേവനം ലഭ്യമാക്കി ട്രെയിനിംഗ് ലഭ്യമാക്കുന്നതാണ് ഉചിതമെന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് രേഖപ്പെടുത്തുകയുണ്ടായി. അതുകൊണ്ട് കാസർഗോഡ് ജില്ലയ്ക്ക് മാത്രം ഒരു പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ അനുവദിക്കാൻ ഇപ്പോൾ സാധ്യമല്ല.

**(13) <u>പത്തനംതിട്ട ജില്ലാ ജനറൽ ആശുപത്രി വികസനം</u>**

**<u>ശ്രീ. രാജു എബ്രഹാം</u>** : പത്തനംതിട്ട ജനറൽ ആശുപത്രിയിലെ അപര്യാപ്തതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u>:** പത്തനംതിട്ട ജനറൽ ആശുപത്രിയുടെ വർദ്ധിച്ച സൗകര്യത്തിനനുസൃതമായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം

സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 4 സിവിൽ സർജൻമാരുടെ ഒഴിവുകൾ ഏതാനും ദിവസത്തിനകം നികത്തുന്നതാണ്. എൻ.ആർ.എച്ച്. എം. വഴി കൂടുതൽ ഡോക്ടർമാരേയും നഴ്സുമാരേയും നഴ്സിംഗ് അസി സ്റ്റന്റുമാരേയും നിയമിച്ചിട്ടുണ്ട്. ബോർഡുമായി ചർച്ച ചെയ്ത് വൈദ്യുതി വിതരണം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**(14) <u>പുറമ്പോക്ക് ഭൂമിയിലെ താമസക്കാരുടെ പുനരധിവാസം</u>**

**<u>ശ്രീമതി ഇ.എസ്. ബിജിമോൾ:</u>** എൻ.എച്ച്. 220 കുട്ടിക്കാനത്തിന് സമീപമുളള ചെറുവളളിക്കുളത്തുണ്ടായ ഉരുൾപൊട്ടലിൽ കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രളയബാധിതമായ വാളാടി പ്രദേശത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ പുനരധിവസിപ്പി ക്കാനും നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം.

**റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ..പി. രാജേന്ദ്രൻ):</u>** സെസ്സ്-ലെ ശാസ്ത്ര ജ്ഞർ സ്ഥലം സന്ദർശിച്ച് പരിശോധന നടത്തി ഏത് സമയത്തും വൻതോതി ലുളള മണ്ണിടിച്ചിലോ ഉരുൾപൊട്ടലോ ഉണ്ടാകാൻ സാധ്യതയുളളതായി മുന്നറിയിപ്പ് കൊടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കഴിയുന്ന വിധത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ പുനരധിവ സിപ്പിക്കാൻ ഭൂമിയും വീടും കൊടുക്കുന്ന പദ്ധതിയാണ് ഗവൺമെന്റ് ഉദ്ദേശിച്ചിരിക്കുന്നത്. തിങ്കളാഴ്ച കൂടിയ ജനപ്രതിനിധികളുടേയും ശാസ്ത്ര ജ്ഞരുടേയും യോഗത്തിൽ മലയോര മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ഈ പ്രദേശത്തെ മാപ്പിംഗ് നടത്തണമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിരമായി അപകടമുണ്ടാകുന്ന പ്രദേശങ്ങളെ ഐഡന്റിഫൈ

ചെയ്ത് അവർക്ക് സ്ഥലവും വീടും നൽകി മാറ്റി താമസിപ്പിക്കാനുള്ള ഒരു പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കൂടുതൽ വിശദാംശങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

**(15) <u>ചെങ്ങന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ</u>**

**<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>:** പകർച്ചപ്പനി പടർന്നുപിടിച്ചിരിക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ചെങ്ങന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഫിസിഷ്യന്റേയും പീഡിയാട്രീഷ്യന്റേയും ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u>:** ചെങ്ങന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എൻ.ആർ. എച്ച്.എം. ഫണ്ട് ഉപയോഗപ്പെടുത്തി താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഒഴിവുള്ള തസ്തികയിൽ ഫിസിഷ്യനെ നിയമിക്കുന്നതാണ്. മറ്റ് വികസനത്തെ സംബന്ധിച്ച് പെട്ടെന്ന് തീരുമാനമെടുക്കുന്നതാണ്.

**(16) <u>വേമ്പനാട് കായൽ സംരക്ഷണ പദ്ധതി</u>**

**<u>ശ്രീ. സി.എം. ദിനേശ്മണി</u>:** റാംസർ സൈറ്റായി പ്രഖ്യാപിച്ചിട്ടുള്ള വേമ്പനാട്ട് കായൽ പ്രദേശത്തെ ലക്ഷക്കണക്കിന് പാവപ്പെട്ട ജനങ്ങളുടെ ജീവിതത്തേയും പ്രദേശത്തിന്റെ ആവാസ വ്യവസ്ഥയേയും സംരക്ഷിക്കാനുതകുംവിധം വേമ്പനാട് കായൽ സംരക്ഷണ പദ്ധതി നടപ്പിലാക്കാൻ അടിയന്തിര നടപടികളുണ്ടാകണം.

**റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>:** സംസ്ഥാനത്തെ സാർവ്വദേശീയ പ്രാധാന്യമുള്ള റാംസർ സൈറ്റായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വേമ്പനാട്ടുകായൽ പ്രദേശം പത്ത് നദികളുമായി ബന്ധപ്പെട്ട് കിടക്കുന്ന

വിസ്തൃതവും സസ്യ-ജൈവ വൈവിധ്യങ്ങളുടെ കലവറയുമാണ്. അനിയന്ത്രിതവും പരിസ്ഥിതിയെ മാനിക്കാതെയുള്ള കയ്യേറ്റങ്ങളും നിർമ്മാണ പ്രവർത്തനങ്ങളുംമൂലം കായലിന്റെ ജലനിരപ്പും ഗുണനിലവാരവും കുറഞ്ഞുവരികയാണ്. കൃഷിക്കും തോട്ടങ്ങൾക്കുമായി കായൽ നികത്തൽ, വ്യാവസായിക മാലിന്യങ്ങൾ, നഗര മാലിന്യങ്ങൾ, രാസവളാവശിഷ്ടങ്ങൾ, അനിയന്ത്രിതമായ മറ്റ് നടപടികൾ, പ്രകൃതിദത്ത പ്രജനനത്തിന് കോട്ടമുണ്ടാക്കുംവിധം നീരൊഴുക്ക് തടയുന്ന പ്രവർത്തനങ്ങൾ തുടങ്ങിയവമൂലം വേമ്പനാട്ടുകായലിന്റെ വിസ്തൃതി കുറഞ്ഞുവരികയും പാരിസ്ഥിതിക സന്തുലിതാവസ്ഥ നഷ്ടമാവുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമായിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ നെൽ വയലുകളുടേയും ചതുപ്പു നിലങ്ങളുടേയും കായലുകളുടേയും മറ്റു നീർത്തടങ്ങളുടേയും സംരക്ഷണം ഉറപ്പാക്കുന്നതിനും അവ നികത്തുന്നത് നിയന്ത്രിക്കുന്നതിനും പാരിസ്ഥിതിക-ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനും ആവശ്യമായ പ്രത്യേക നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു.

## (17) മഞ്ചേശ്വരത്തെ കുടിവെള്ള പദ്ധതികൾ

**ശ്രീ. സി.എച്ച്. കുഞ്ഞമ്പു:** മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന അഞ്ച് വൻകിട കുടിവെള്ള പദ്ധതികളുടെ പണി പുനരാരംഭിക്കാനും രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനും അടിയന്തിര നടപടിയുണ്ടാകണം.

**ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ):** മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ എൽ.ഐ.സി. സാമ്പത്തിക സഹായത്തോടെ

പണി ആരംഭിച്ച 3 പദ്ധതികൾക്ക് സഹായം നിർത്തിവച്ച സാഹചര്യത്തിൽ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. കേന്ദ്ര സഹായത്തോടുകൂടി ഉപ്പളയ്ക്കും സമീപ വില്ലേജുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ ശുദ്ധീകരണശാല യുടെ പ്രവൃത്തി ഒഴിച്ച് ബാക്കിയെല്ലാം പൂർത്തിയാക്കി ഈ വർഷാവസാനം പദ്ധതി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഓർക്കാടിക്കും സമീപ വില്ലേജുകൾക്കുമായിട്ടുള്ള കുടിവെള്ള പദ്ധതി 2009 മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കു ന്നു. കുമ്പള പഞ്ചായത്തിലെ ഇച്ചിലംപാടി കുടിവെള്ളപദ്ധതി വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്.

### (18) <u>കാർഷിക പദ്ധതികൾ ആരംഭിക്കുന്നതിലുള്ള കാലതാമസം</u>

**<u>ശ്രീ. രാജാജി മാത്യു തോമസ്:</u>** കാർഷിക മേഖലയിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളനുസരിച്ച് കൃഷിക്കാർക്ക് യഥാസമയം സബ്സി ഡികളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

**കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u>** സംസ്ഥാന പദ്ധതികൾക്ക് സർക്കാർ തല സമിതികൾ, ധനകാര്യ വകുപ്പ്, ആസൂത്രണ വകുപ്പ് എന്നിവയുടെ അംഗീകാരവും ചില കേന്ദ്ര പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനുപുറമെ സംസ്ഥാന സർക്കാരിന്റെ വിവിധ തലങ്ങളിലുള്ള അംഗീകാരവും ലഭിക്കേണ്ടതുണ്ട്. ഈ അംഗീകാരങ്ങൾ നേടിയെടുത്ത് പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിടാതിരിക്കാൻ കർഷകർക്ക് അർഹതപ്പെട്ട പദ്ധതി വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും പച്ചക്കറി, പയർ, എള്ള് കൃഷികൾക്ക് ജലസേചന

സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഫണ്ട് എത്തിക്കാനും നടപടി സ്വീകരിക്കാറുണ്ട്. സീസൺ കാലയളവിനുള്ളിൽത്തന്നെ അലോട്ട്മെന്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**(19) <u>കണ്ണൂരിൽ കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗ് നടത്തേണ്ട തിന്റെ ആവശ്യകത</u>**

**<u>ശ്രീ. കെ..സി. ജോസഫ്</u>:** പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടായ കണ്ണൂർ ജില്ലയിൽ കർഷക കടാശ്വാസ കമ്മീഷന്റെ സിറ്റിംഗ് അടിയന്തിരമായി നടത്താനും കമ്മീഷന് സമർപ്പിക്കാനുള്ള ഫോറം ലഭ്യമാക്കാനും നടപടിയുണ്ടാകണം.

**കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u>** പ്രകൃതിക്ഷോഭ ത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച ജില്ലകളിൽ കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗ് നടത്തുന്ന അവസരത്തിൽ കണ്ണൂർ ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. അപേക്ഷാഫോറത്തിന്റെ ഒരു ലക്ഷം കോപ്പികൾ അച്ച ടിച്ച് വയനാട്, ഇടുക്കി ജില്ലകളിൽ സൗജന്യമായി വിതരണം ചെയ്തിരുന്നു. ഈ ഫോറത്തിന്റെ മാതൃക എല്ലാ കൃഷി ഭവനുകളിലും കൃഷിവകുപ്പി ന്റേയും കേരള സർക്കാരിന്റേയും വെബ്സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തിയി ട്ടുണ്ട്. അപേക്ഷാഫോറത്തിന്റെ മാതൃക അടിയന്തിരമായി ത്രിതല പഞ്ചാ യത്ത് സ്ഥാപനങ്ങളിലേയും കളക്ടറേറ്റ് വില്ലേജ് ഓഫീസുകൾ അടക്കമുള്ള സർക്കാർ ഓഫീസുകളിലേയും നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുന്ന തിന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുന്നതാണ്. ഫോറ ത്തിന്റെ രണ്ടുലക്ഷം പകർപ്പുകൾ അച്ചടിച്ച് കൃഷി ഡയറക്ടർ മുഖേന എല്ലാ കൃഷി ഭവനുകളിലൂടെയും കർഷകർക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനത്തിന്

ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുകയും 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## (20) മലബാർ പ്രദേശത്തെ പാരമ്പര്യ വൈദ്യന്മാർ

**ശ്രീ. പി. കൃഷ്ണപ്രസാദ്:** 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ മലബാർ പ്രദേശത്തെ പാരമ്പര്യ വൈദ്യന്മാർക്ക് ബാധകമാക്കിയിട്ടില്ല. പാരമ്പര്യ വൈദ്യന്മാർക്ക് ലൈസൻസ് പുതുക്കി കൊടുക്കാനും മലബാർ മേഖലയ്ക്കുകൂടി ബാധകമാക്കത്തക്ക വിധം ഏകീകൃത മെഡിക്കൽ ബിൽ കൊണ്ടുവരാനുമുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):** സെന്റർ കൗൺസിൽ ഫോർ ഇന്ത്യൻ മെഡിക്കൽ അംഗീകരിച്ചിട്ടുള്ള ബിരുദമോ യോഗ്യതയോ നേടിയിട്ടുള്ളവർക്കുമാത്രമേ 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് പ്രകാരം രജിസ്ട്രേഷൻ നൽകുന്നുള്ളൂ. നിലവിലുള്ള പാരമ്പര്യ വൈദ്യന്മാർക്ക് ഈ ആക്ട് പ്രകാരം രജിസ്ട്രേഷൻ നൽകാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനും സംസ്ഥാനത്താകമാനം ഒരു ഏകീകൃത നിയമം കൊണ്ടുവരുന്നതിനും സർക്കാർ ആലോചിക്കുന്നുണ്ട്.

## (21) ട്രെയിൻ യാത്രയിലെ സ്ക്വാഡ് പരിശോധനയ്ക്കിടയിൽ നടക്കുന്ന അപകടങ്ങൾ

**ശ്രീ. വർക്കല കഹാർ:** ട്രെയിനിലെ സീസൺ ടിക്കറ്റ് യാത്രക്കാർക്കുണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെട്ട ഡി.വൈ.എഫ്.ഐ. നേതാവിനെ പോലീസ് ലോക്കപ്പിലിട്ട് മർദ്ദിച്ചു. യാത്രക്കാരോട്

കുറ്റവാളികളോടെന്ന പോലെ പെരുമാറുന്ന റെയിൽവേ അധികാരികളുടെ നടപടികൾ അവസാനിപ്പിക്കാനും പൊതുപ്രവർത്തകനെ ക്രൂരമായി മർദ്ദിച്ച സംഭവത്തെക്കുറിച്ചന്വേഷിച്ച് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകണം.

**നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>:** ഇന്നലെ തിരുവനന്തപുരത്തു നിന്നു പുറപ്പെട്ട ശബരി എക്സ്പ്രസ്സിൽ റെയിൽവേ സ്ക്വാഡ് സ്പോട്ട് ചെക്കിംഗ് നടത്തിയപ്പോൾ റിസർവേഷൻ കമ്പാർട്ടുമെന്റിൽ യാത്രചെയ്തിരുന്ന സീസൺടിക്കറ്റുകാർ പിഴ ഒടുക്കാൻ വിസമ്മതിച്ചതിനെത്തുടർന്ന് റെയിൽവേ പോലീസ് കേസെടുത്തതായാണ് അറിയാൻ കഴിഞ്ഞത്. ഇതിനുമുമ്പ് ഇതുപോലുള്ള പ്രശ്നങ്ങളുണ്ടായപ്പോൾ റെയിൽവേ ഡിവിഷണൽ മാനേജരുമായി ചർച്ച നടത്തി ഒത്തുതീർപ്പുണ്ടാക്കിയിട്ടുള്ളതാണ്. ഹ്രസ്വദൂര യാത്രക്കാർക്കു വേണ്ടി ഒരു ഡീസൽ മൾട്ടിപ്പിൾ ട്രെയിൽ സർവീസ് നടത്താമെന്ന തീരുമാനത്തിലെത്തിയെങ്കിലും അത് നടപ്പാക്കിയില്ല. റെയിൽവേ പോലീസ് രജിസ്റ്റർ ചെയ്ത കേസിനെ സംബന്ധിച്ച് അന്വേഷിപ്പിക്കുന്നതാണ്. മറ്റു വിഷങ്ങളെ സംബന്ധിച്ച് റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

### (22) <u>ഹയർ സെക്കന്ററി സ്ക്കൂളിൽ പുതിയ ബാച്ച് അനുവദിക്കാൻ നടപടി</u>

**<u>ശ്രീ. എം. ഉമ്മർ</u>:** നിലവിൽ ഒരു ബാച്ച് മാത്രമുള്ള മലപ്പുറം ജില്ലയിലെ അഞ്ച് ഗേൾസ് ഹയർ സെക്കന്ററി ഹൈസ്ക്കൂളുകളിൽ ഒരു സയൻസ് ബാച്ച് കൂടി അനുവദിക്കണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ.ബേബി):</u>** ഹയർ സെക്കന്ററി സ്ക്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രഖ്യാപനം സർക്കാർ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന മലപ്പുറം ജില്ലയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് സർക്കാർ ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്തും പെൺകുട്ടികളുടെ സ്കൂളാണെന്നുള്ള കാര്യം പരിഗണിച്ചും ഇക്കാര്യത്തിൽ പരമാവധി മുൻഗണന നൽകുന്നതാണ്.

**(23) <u>ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്നതു സംബന്ധിച്ച്</u>**

**<u>ശ്രീ. ബി. ബാബുപ്രസാദ്:</u>** ഹരിപ്പാട് ബസ് സ്റ്റേഷനിലെ ക്യാൻസൽ ചെയ്ത ഷെഡ്യൂളുകൾ പുന:സ്ഥാപിച്ച് ജനങ്ങളുടെ യാത്രാക്ളേശത്തിന് പരിഹാരമുണ്ടാക്കണം.

**ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്):</u>** ഹരിപ്പാട് ബസ് സ്റ്റേഷനിൽ ഇപ്പോൾ നിലവിലുള്ള 37 ഷെഡ്യൂളുകളിൽ മാറ്റം വരുത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്തുകൊണ്ടും ബസ്സുകൾ, സ്പെയർ പാർട്ട്സുകൾ തുടങ്ങിയവയുടെ കുറവുമൂലവും കിലോമീറ്ററിന് 12 രൂപയ്ക്ക് താഴെ വരുമാനമുള്ള ചില ഷെഡ്യൂളുകൾ മാത്രമാണ് താൽക്കാലികമായി നിറുത്തിവച്ചിട്ടുള്ളത്. ദേശീയപാതയിലൂടെ പോകുന്ന ധാരാളം ബസ്സുകൾ ഹരിപ്പാട് സ്റ്റേഷൻ വഴിയാണ് സർവ്വീസ് നടത്തുന്നത്. . പുതുതായി വാങ്ങാൻ ഉദ്ദേശിക്കുന്ന ആയിരം ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക്

ലാഭകരമായി നടത്താൻ കഴിയുന്ന റൂട്ടുകളിൽ കൂടുതൽ ബസ് സർവ്വീസുകൾ നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

### അടിയന്തിരപ്രമേയ നോട്ടീസ് സബ്മിഷനായി അനുവദിക്കുന്നതു സംബന്ധിച്ച്

**ശ്രീ. പി. ജയരാജൻ:** അടിയന്തിര പ്രമേയനോട്ടീസുകൾ സബ്മിഷനായി ഉന്നയിക്കുന്ന അവസ്ഥയ്ക്ക് നിയന്ത്രണമേർപ്പെടുത്തണം.

**ശ്രീ. ജി. കാർത്തികേയൻ:** സഭാദ്ധ്യക്ഷനായ സ്പീക്കറുടെ തീരുമാനത്തെ ചോദ്യം ചെയ്യുന്നത് ഓർഡറിലല്ല. ഇതിന് റൂളിംഗ് നൽകണം.

## റൂളിംഗ്

**മി. സ്പീക്കർ:** സാധാരണഗതിയിൽ റൂൾ 304 അനുസരിച്ച് സബ്മിഷൻ അവതരിപ്പിച്ചാൽ അതിന്മേൽ ഒരു ചർച്ചയാവാൻ പാടില്ലാത്തതാണ്. എന്നാൽ സഭയുടെ നടപടിക്രമമനുസരിച്ച് സഭാനേതാവിനും പ്രതിപക്ഷനേതാവിനും ചില പ്രത്യേക അവകാശങ്ങളുണ്ട്. അടിയന്തിരപ്രമേയമായി അവതരിപ്പിക്കാൻ അനുവദിക്കാത്തത് സബ്മിഷനായി കൊടുക്കുന്നത് കീഴ്വഴക്കമാണ്.

# ധനകാര്യം

## 2007-08 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):** താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം
(403,20,50,000 രൂപ)
ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്
(18,32,43,000 രൂപ)
ധനാഭ്യർത്ഥന നമ്പർ XXXVI - സാമൂഹ്യവികസനം
(150,39,34,000 രൂപ)

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള):** താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV- പൊതുമരാമത്ത്
(1131,14,55,000 രൂപ)

**നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറുമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ):** പ്രമേയങ്ങളെ പിന്താങ്ങുന്നു.

**ധനകാര്യ വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ):** നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യ

വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ എ.പി. അനിൽകുമാർ, കെ.സി. ജോസഫ്, ജി. കാർത്തികേയൻ, കെ.സി. വേണുഗോപാൽ, എം.എ. വാഹീദ്, കെ. ബാബു, ജോസഫ് എം. പുതുശ്ശേരി, സി.ടി. അഹമ്മദ് അലി, കെ. കുട്ടി അഹമ്മദ് കുട്ടി, പി.കെ. അബ്ദുറബ്ബ്, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, തോമസ് ചാണ്ടി, കെ.കെ. ഷാജു, അടൂർ പ്രകാശ്, പി.സി. വിഷ്ണുനാഥ്, കെ. സുധാകരൻ, ബി..ബാബു പ്രസാദ്, കെ. മുഹമ്മദുണ്ണി ഹാജി, പ്രൊഫ. കെ.വി. തോമസ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

**ശ്രീ. അടൂർ പ്രകാശ്**: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട ഒരു മന്ത്രിസഭയാണ് കേരളം ഭരിക്കുന്നത്. എല്ലാ റോഡുകളും തകർന്നുകിടക്കുകയാണ്. പി.ഡബ്ളിയു. ഡി. ക്കുവേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുളള തുകകൾ പൂർണ്ണമായി ചെലവഴിക്കണം. കൂട്ടുത്തരവാദിത്വത്തോടെയും പരസ്പര ധാരണയോടെയും കാര്യങ്ങൾ നടപ്പിലാക്കി വികസന രംഗത്ത് ഗവൺമെന്റ് മുന്നോട്ട് പോകണം. യു.ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് എം. സി. റോഡിന്റെ കാര്യത്തിൽ ലോകബാങ്കിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കാൻ ധാരണ ഉണ്ടാക്കുകയും സംസ്ഥാന ഗവൺമെന്റിന്റെ പങ്കാളിത്തത്തോടെ 1612.8 കോടി രൂപയുടെ ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്തിരുന്നു. കെ.എസ്.ടി.പി. വർക്കുകൾ നിലച്ചുപോയതിനെ സംബന്ധിച്ച് പുനരവലോകനം നടത്തണം. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ

വരെയുള്ള 127 കി.മീ. കെ.എസ്.ടി.പി.യിൽ ഉൾപ്പെട്ട റോഡ് പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കണം. പതിബെൽ കമ്പനിയുമായി ധാരണയുണ്ടാക്കി ചർച്ച ചെയ്ത് കെ.എസ്.ടി.പി. വർക്കുകൾ ഉദ്ദേശലക്ഷ്യത്തോടുകൂടി നടപ്പിലാക്കണം. .റോഡുകളുടെ ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ നിശ്ചയദാർഢ്യത്തോടുകൂടി, സംസ്ഥാനത്തിന്റെ താൽപ്പര്യമായി കണ്ടു കൊണ്ട്, കാര്യങ്ങൾ ചെയ്യണം. റോഡ് വർക്കുകൾക്ക് ക്വാളിറ്റിയുണ്ടാകണം. അവയുടെ കാര്യക്ഷമത നോക്കാൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് വിംഗും മോണിറ്ററിംഗ് സെല്ലും രൂപീകരിക്കണം. പാലങ്ങളുടെ സുരക്ഷിതത്വം നോക്കാൻ പീരിയോഡിക്കൽ പരിശോധന നടത്തി ഹയർ അതോറിറ്റിയെ അപ്പപ്പോൾ വിവരങ്ങൾ അറിയിക്കാനുള്ള സംവിധാനമുണ്ടാക്കണം. അച്ചൻകോവിൽ-കോന്നി-തണ്ണിത്തോട് വഴി ശബരിമലയിലേയ്ക്കുള്ള റോഡി നുവേണ്ടി നബാർഡ് തുക അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ടെണ്ടർ നടപടി പൂർത്തിയാക്കി എത്രയുംവേഗം പണി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

<u>**ശ്രീ. കെ. വി. അബ്ദുൾ ഖാദർ**</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വകുപ്പിലും ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അഴിമതിരഹിതമായ ഭരണം കാഴ്ചവച്ചുകൊണ്ട് തദ്ദേശഭരണ വകുപ്പും പൊതുമരാമത്ത് വകുപ്പും മാതൃക കാണിക്കുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് അഴിമതിയുടേയും സ്വജനപക്ഷപാതത്തിന്റേയും ഈജിയൻ തൊഴുത്തായിരുന്നു കേരളം. മരാമത്ത് വകുപ്പിൽ ടെൻഡറില്ലാതെ കരാർ പണികൾ നടത്തിയതിലൂടെ കോടികളുടെ വെട്ടിപ്പാണ് നടത്തിയത്. അധികാരവികേന്ദ്രീകരണ പ്രക്രിയ

സാർത്ഥകമാക്കാനുള്ള ശ്രദ്ധേയമായ ഇടപെടലുകളാണ് തദ്ദേശഭരണ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. ഓരോ മേഖലകളിലും ചെലവഴിക്കേണ്ട തുക പുതുക്കി നിശ്ചയിച്ച് ഉൽപ്പാദനമേഖലയിൽ നാൽപ്പത് ശതമാനം ചെലവഴിക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. ജനകീയാസൂത്രണ പദ്ധതിയിൽ കാർഷികമേഖലയ്ക്ക് മുന്തിയ പരിഗണന നൽകണം. എൽ.ഡി.എഫ്. ഗവൺമെന്റ് കെട്ടിടനിർമ്മാണ നിയമം പരിഷ്ക്കരിച്ചു. യു.ഡി. എഫ്. ഭരണകാലത്ത് നഗര ഗ്രാമാസൂത്രണ വകുപ്പ് അഴിമതിയുടെ കൂത്തര ങ്ങായിരുന്നു. തൃശ്ശൂരിലെ ടി.യു.ഡി.എ. ഉൾപ്പെടെ അഴിമതിയും കെടുകാര്യസ്ഥതയും നടമാടിയിരുന്ന വികസന അതോറിറ്റികൾ പിരിച്ചുവിട്ടത് നല്ല കാര്യമാണ്. സാമൂഹ്യ ലികസന രംഗത്ത് കുടുംബശ്രീ പോലെയുള്ള ഏജൻസികൾ നൽകുന്ന സംഭാവനകൾ സ്വാഗതാർഹമാണ്. ദാരിദ്ര്യരഹിത സംസ്ഥാനമെന്ന ലക്ഷ്യം മുൻനിർത്തി എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന സ്ത്രീശാക്തീകരണത്തിനു വേണ്ടിയുള്ള ഇൻഡ്യയിലെ ഏറ്റവും വലിയ പ്രസ്ഥാനമായ കുടുംബശ്രീയെയും സ്ത്രീ ശാക്തീകരണപ്രസ്ഥാനങ്ങളെയും തകർക്കാൻ കേന്ദ്രം നടത്തുന്ന ശ്രമങ്ങളെ പരാജയപ്പെടുത്തണം. ഈ ഗവൺമെന്റ് വന്നശേഷം തദ്ദേശഭരണ വകുപ്പിലെ സ്ഥലംമാറ്റങ്ങൾ സുതാര്യമാക്കാൻ കഴിഞ്ഞു. വഖഫ് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം മാലിന്യ. വിമുക്ത കേരളമെന്ന പദ്ധതി ഏറ്റവും ശ്രദ്ധേയമാണ്. സംസ്ഥാനത്തെ എല്ലാ നഗരസഭ കളിലും മാലിന്യങ്ങൾ സംസ്ക്കരിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. ഗുരുവായൂരിലെ മാലിന്യ സംസ്ക്കരണ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ്

പ്രത്യേക താൽപ്പര്യമെടുക്കണം. ഹജ്ജ് ഹൗസിന്റെ നിർമ്മാണം ത്വരിതപ്പെടുത്തണം. കാലവർഷക്കെടുതിമൂലം തകർന്ന റോഡുകൾ നന്നാക്കുന്നതിനും നവീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

**<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:</u>** ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വീടുകൾ അടക്കമുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധിപ്പിച്ചതിലൂടെ സാധാരണ ജനങ്ങളുടെ സാമ്പത്തിക ബാധ്യത വർദ്ധിക്കുകയാണ്. വായ്പ യെടുത്ത് നിർമ്മിച്ച വീടുകളുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകണം. പെട്ടിക്കടകളെ കച്ചവട സ്ഥാപനങ്ങളായി കണക്കാക്കി ഉയർന്ന നികുതി ചുമത്തരുത്. നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങൾക്ക് പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കാതെ ഇനി പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അത് ബാധകമാക്കണം. 11-ാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ പോരായ്മകൾ പരിഹരിക്കണം. പഞ്ചായത്തുകളെ സർക്കാർ നിർദ്ദേശിക്കുന്ന കാര്യങ്ങൾ മാത്രം ചെയ്യുന്ന കേന്ദ്രമാക്കി മാറ്റിയിരിക്കുകയാണ്. പത്താം പഞ്ചവൽസര പദ്ധതിയിലെ സ്പിൽ ഓവർ വർക്കുകൾ പൂർത്തീകരിക്കുന്നതിനെക്കുറിച്ച് വ്യക്തമാക്കണം. അധികാരവികേന്ദ്രീകരണ ത്തിലൂടെ താഴെത്തട്ടിലേയ്ക്ക് നൽകിയ അധികാരം ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പിക്കണം. വിജയഭേരി പദ്ധതി നടപ്പാക്കിയതിലൂടെ മലപ്പുറം ജില്ലയിൽ ഇത്തവണത്തെ പരീക്ഷകളിലെ വിജയ ശതമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2001-ൽ നാല് അദ്ധ്യാപകരെ കോ-ഓർഡിനേറ്റർമാരായി വർക്കിംഗ് അറേഞ്ചുമെന്റിൽ നിയമച്ച ഉത്തരവ് റദ്ദാക്കിയത് ശരിയല്ല. മലപ്പുറം ജില്ലയിൽ പഞ്ചായത്തിനു

കൈമാറിയ കഞ്ഞിപ്പുഴ കോഴി വളർത്തൽ കേന്ദ്രം ജില്ലാ പഞ്ചായത്തിന്റെ അനുമതിയില്ലാതെ കാലിത്തീറ്റ ഫാക്ടറിയാക്കി മാറ്റാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. കോട്ടയ്ക്കലിലെ ജില്ലാ ആയുർവേദ ആശുപത്രി മാറ്റി സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുത്തതും ജില്ലാ പഞ്ചായത്ത് അറിയാതെയാണ്. ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനും പ്ളാന്റ് സ്ഥാപിക്കുന്നതിനും ആവശ്യമായ ഫണ്ട് പഞ്ചായത്തുകൾക്ക് നൽകണം. പഞ്ചായത്തുകളിലെ സ്റ്റാഫിന്റെ കുറവ് നികത്തുന്നതിന് ജീവനക്കാരുടെ പുനർവിന്യാസം കാര്യക്ഷമമാക്കണം. പഞ്ചായത്തുകളിൽ ഒഴിവുള്ള തസ്തികകൾ സമയബന്ധിതമായി നികത്തണം. തദ്ദേശ-ഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പിൽ കാലോചിതമായ മാറ്റം വരുത്തണം. ദേശീയപാത ഉൾപ്പെടെയുള്ള പല റോഡുകളും തകർന്നിരിക്കുകയാണ്. പൊതുമരാമത്തുവകുപ്പിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം.

<u>**ശ്രീ. പി. തിലോത്തമൻ:**</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അധികാര വികേന്ദ്രീകരണത്തിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉണർവും പ്രചോദനവും നൽകിയ ഗവൺമെന്റാണിത്. അധികാര വികേന്ദ്രീകരണത്തിന്റെ കഴിഞ്ഞ പത്തുവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്താൻ കൺസൽട്ടേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചത് സ്വാഗതാർഹമാണ്. പാവപ്പെട്ടവർക്ക് വീട് നൽകുന്ന പദ്ധതിക്ക് ഈ ഗവൺമെന്റ് രൂപം നൽകുകയാണെന്നു മാത്രമല്ല കേന്ദ്ര പദ്ധതികൾ നേടിയെടുക്കുന്നതിന് ശ്രമിക്കുകയും ആദിവാസികൾക്ക് സമഗ്രമായ തൊഴിൽദാന പദ്ധതിക്ക് രൂപം നൽകുകയും ചെയ്യുകയാണ്. കേരളം മാലിന്യ വിമുക്തമാക്കാൻ ഒരു പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിനെ അഴിമതിയിൽനിന്ന് മോചിപ്പിക്കാൻ ഗവൺമെന്റിന് സാധിച്ചു. ജനകീയാസൂത്രണ പരിപാടി

കാര്യക്ഷമമാക്കി. 9-ാം പഞ്ചവൽസര പദ്ധതി ഒരു ജനകീയ പദ്ധതിയാക്കിയതുപോലെ 11-ാം പദ്ധതിയും ജനകീയ പദ്ധതിയാക്കി മാറ്റാൻ നടപടി സ്വീകരിക്കണം. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പ്ളാൻ ഫണ്ടിന്റെ വിനിയോഗത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കണം. ഗ്രാമീണ ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. സാമ്പത്തിക ഉൽപ്പാദന മേഖലകളിൽ പ്ളാൻ ഫണ്ടിന്റെ വിനിയോഗത്തിൽ ഗണ്യമായ മാറ്റമുണ്ടാക്കാൻ സാധിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്ളാൻ ഫണ്ടിന്റെ 40 ശതമാനം ഉൽപ്പാദന മേഖലയ്ക്ക് നീക്കിവയ്ക്കാൻ സ്വീകരിച്ച നിലപാട് സ്വാഗതാർഹമാണ്. കാർഷിക മേഖലയ്ക്ക് മുന്തിയ പരിഗണന നൽകണം. ജില്ലാ-ഗ്രാമ പഞ്ചായത്തുകളെ സംയോജിപ്പിച്ച് പദ്ധതികൾ നടപ്പാക്കണം. ഡിസ്ട്രിക്ട് പ്ളാനിംഗ് കമ്മിറ്റികളിൽ എം.എൽ.എ.മാരുടെ പ്രാതിനിധ്യം ഉണ്ടാകണം. തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് അനുവദിച്ച ജീവനക്കാരുടെ പുനർവിന്യാസം പൂർത്തി യാക്കി വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. പഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണ നടപടി പൂർത്തീകരിക്കണം. ഗ്രാമ പ്രദേശങ്ങളിലെ സെറ്റിൽമെന്റ് കോളനികളിലെ ദയനീയ സ്ഥിതിക്ക് പരിഹാരം കാണണം. ഖരമാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കണം. മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കണം. പൊതുമരാമത്ത് വകുപ്പിലെ അഴിമതി അവസാനിപ്പിക്കാൻ ഗവൺമെന്റിന് സാധിച്ചു. റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും പൂർത്തീകരിക്കാത്ത പദ്ധതികൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം. ദേശീയ പാതയ്ക്ക് അനുവ ദിക്കുന്ന കേന്ദ്ര സർക്കാർ വിഹിതം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

**<u>പ്രൊഫ. എൻ. ജയരാജ്</u>**: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങളുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും രേഖകൾ സൂക്ഷിക്കുന്നതിനും കഴിഞ്ഞിട്ടില്ല. ത്രിതല പഞ്ചായത്തുകളിൽ ഒരു അഡ്മിനിസ്ട്രേഷൻ വിംഗും പൊതുജനങ്ങളുമായി നിരന്തരം ബന്ധപ്പെടേണ്ടിവരുന്നതിനാൽ ഒരു ഡെവലപ്മെന്റ് വിംഗും രൂപീകരിക്കണം. എല്ലാ പഞ്ചായത്തുകളിലും ഓരോ അക്കൗണ്ടന്റ് പോസ്റ്റ് ക്രിയേറ്റ് ചെയ്യണം. ജീവനക്കാർക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ് കൊടുക്കാൻ ഇൻഫർമേഷൻ കേരളാ മിഷന് എത്രത്തോളം കഴിഞ്ഞിട്ടുണ്ടെന്നു വിലയിരുത്തണം. ഒരു ടാസ്ക്ക് ഫോഴ്സ് രൂപീകരിച്ചുകൊണ്ട് കേരളത്തിലെ എല്ലാ പഞ്ചായത്തുകളെയും കംപ്യൂട്ടർവൽക്കരിക്കാനുള്ള നടപടി സ്വീകരിക്കണം. അക്കൗണ്ടിംഗ് സംവിധാനത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഒരുപോലെ ബാധകമാകുന്ന രീതിയിൽ അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ ഡെവലപ് ചെയ്യാൻ നടപടി സ്വീകരിക്കണം. പ്ളാൻ പദ്ധതികൾ നടപ്പാക്കാനുള്ള ഫോർമാറ്റ് കമ്പ്യൂട്ടർ പാക്കേജുമായി ബന്ധപ്പെടുത്തണം. പേമെന്റുകൾക്ക് പഞ്ചായത്തുകളിലും ചെക്ക് സിസ്റ്റം ഏർപ്പെടുത്തണം. കെട്ടിട നിർമ്മാണച്ചട്ടവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാനായി രണ്ട് പഞ്ചായത്തുകൾക്ക് ഒരു അസിസ്റ്റന്റ് എൻജിനീയർ, എല്ലാ പഞ്ചായത്തുകൾക്കും ഓവർസിയർ എന്ന രീതിയിൽ തസ്തികകൾ സൃഷ്ടിക്കണം. തദ്ദേശഭരണസ്ഥാപനങ്ങൾക്കായി ഒരു ഇലക്ട്രിക്കൽ വിംഗ് ആരംഭിക്കണം. വീട്, കക്കൂസ് എന്നിവയുടെ നിർമ്മാണത്തിനായി പഞ്ചായത്തുകൾ കൊടുക്കുന്ന ധനസഹായം വർദ്ധിപ്പിക്കണം. ഭൂമിയുടെ കൈവശാവകാശരേഖയുള്ളവർക്ക് മാത്രമേ

കക്കൂസ് പണിയാൻ ധനസഹായം അനുവദിക്കുകയുള്ളൂ എന്ന വ്യവസ്ഥയ്ക്ക് മാറ്റം വരുത്തണം. നമ്പറിടാത്ത വീടുകൾക്ക് നമ്പറിടാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണം.

<u>**ശ്രീ. എം.കെ. പ്രേംനാഥ്:**</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇ.എം.എസ്. പാർപ്പിട പദ്ധതി, കുടംബശ്രീ പദ്ധതി, തൊഴിലുറപ്പ് പദ്ധതി എന്നിവ കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. ആയിരത്തോളം കിലോമീറ്റർ റോഡുകൾ വികസിപ്പിക്കുന്നതിനും ഗ്രാമീണ ഉൽപ്പാദനമേഖലയിൽ നടപ്പാക്കാൻ പോകുന്ന വിപണന സമുച്ചയവും വികസനത്തിന്റെ മാതൃകകളാണ്. ജലസേചനം, ഖരമാലിന്യം, ഡ്രെയിനേജ് തുടങ്ങിയ രംഗങ്ങളിൽ പുരോഗമനപരമായ നടപടികൾ ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലാ ആസൂത്രണത്തിൽ എം.എൽ.എ. മാരുടെ കൂടി പങ്കാളിത്തമുണ്ടാകണം. 50 മൈക്രോണിൽ താഴെയുള്ള പ്ളാസ്റ്റിക് നിരോധിക്കാൻ മന്ത്രിസഭ എടുത്ത തീരുമാനവും നഗരവികസനത്തിന്റെ ഭാഗമായുള്ള നഗരശ്രീ പദ്ധതിയും അഭിനന്ദനമർഹിക്കുന്നു. ഓംബുഡ്സ്മാന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. ധനകാര്യം, ആരോഗ്യം, ക്ഷേമകാര്യ വികസനം, പൊതുമരാമത്ത് എന്നീ മേഖലകളിലുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചട്ടങ്ങളും നിയമങ്ങളും പരിഷ്ക്കരിച്ച് കൂടുതൽ അധികാരം കൊടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കണം. കോഴിക്കോട് മുതൽ വടകര വരെയുള്ള പി.ഡബ്ളിയു.ഡി. റോഡ് വികസനവും റെയിൽവേ അണ്ടർ ബ്രിഡ്ജിന്റെ വികസനവും പ്രാവർത്തികമാക്കണം. .

**<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള</u>**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ 14 മാസം കൊണ്ട് തദ്ദേശഭരണ രംഗത്തും പൊതുമരാമത്ത് രംഗത്തും ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടാക്കിക്കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ഉത്തരവാദിത്വത്തോടുകൂടി കാര്യങ്ങൾ ചെയ്യാത്തതുകൊണ്ടാണ് എം.സി. റോഡിന്റെ പണി പൂർത്തിയാക്കാൻ കഴിയാതെ പോയത്. ജനങ്ങളോട് പ്രതിബദ്ധതയുള്ളതിനാൽ ഈ ഗവണ്മെന്റ് പുതിയ ടെണ്ടർ ക്ഷണിച്ച് ഷെഡ്യൂൾ റിവൈസ് ചെയ്ത് കാലതാമസം കൂടാതെ എം.സി. റോഡ് ഗതാഗതയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.. കരാറുകാർക്ക് മുൻ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് കൊടുക്കാനുണ്ടായിരുന്ന 750 കോടി രൂപയും ടാർ വാങ്ങിയതിലുള്ള കുടിശ്ശികയായ 100 കോടിരൂപയും ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചു. മേജർ. ഡിസ്ട്രിക്ട് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അലോട്ട് ചെയ്യുന്ന തുകയുടെ 40 ശതമാനം പഞ്ചായത്ത് വകുപ്പുകൾക്ക് കൈമാറിയെങ്കിലും റോഡ് കൈമാറിയിട്ടില്ല. ആ പണം. പി.ഡബ്ളിയു.ഡി.-ക്ക് കൊടുക്കുകയോ പഞ്ചായത്തുകളെ റോഡ് ഏൽപ്പിക്കുകയോ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. കോവളം മുതൽ ആക്കുളം വരെയുള്ള റോഡ് വികസനവും പാർവ്വതീ പുത്തനാറിന്റെ വികസനവും സുസ്ഥിര വികസനപദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

**<u>ശ്രീ. എ.എ. അസീസ്</u>**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങളെ പ്രദേശിക ഗവണ്മെന്റായി കണ്ടുകൊണ്ടാണ്

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് പഞ്ചായത്ത് രാജ്, നഗരപാലികാ നിയമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കിയത്. അതിന്റെ ഫലമായിട്ടാണ് അധികാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമായത്. ജനങ്ങൾക്ക് ആവശ്യമായിട്ടുള്ള പദ്ധതികൾ തെരഞ്ഞെടുത്ത് നടപ്പാക്കാൻവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് ആവിഷ്ക്കരിച്ച ജനകീയാസൂത്രണപദ്ധതിയെ തകിടം മറിച്ചുകൊണ്ടാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കേരള വികസന പദ്ധതി കൊണ്ടുവന്നത്. അതിന്റെ ഫലമായിട്ട് ബ്ളോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് തനത് ഫണ്ടില്ലാതാകുകയും പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയാതാവുകയും ചെയ്തത്. കാലാവധി കഴിഞ്ഞുപോയാൽ ചെലവഴിക്കാത്ത പ്ളാൻ ഫണ്ട് തിരിച്ചു പിടിക്കുന്ന സമീപനമായിരുന്നു മുൻ ഗവണ്മെന്റിന്റേത്. പ്ളാൻ ഫണ്ട് വിനിയോഗിക്കാൻ സമയം നീട്ടിക്കൊടുക്കുകയും അടുത്ത വർഷത്തെ ഫണ്ട് അതിനോടൊപ്പം ചേർത്തു നൽകുകയുമാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്ന നയം. 11-ാം പദ്ധതി ജനകീയാസൂത്രണ പദ്ധതിയായി നടപ്പാക്കാൻ പോകുന്നതിനാൽ വിപ്ളവകരമായ വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനും സംയോജിത പദ്ധതികൾ നടപ്പാക്കാനും കഴിയും. മാലിന്യജന്യ രോഗങ്ങൾ തടയുന്നതിന് നഗരാസൂത്രണത്തിന്റെ ഭാഗമായി നഗരങ്ങളിലും ഗ്രാമങ്ങളിലും യുദ്ധകാലാടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പി.ഡബ്ലിയു.ഡി.യിൽ അഴിമതിരഹിത പ്രവർത്തനങ്ങൾ നടത്താനാണ് മന്ത്രി പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. എസ്റ്റിമേറ്റ് തുകയ്ക്ക് എ.എസ്. ഉണ്ടെങ്കിലും തന്നാണ്ടിൽ 20 ശതമാനം തുക വകയിരുത്തിയിട്ടില്ലാത്ത ബഡ്ജറ്റിൽ വന്നിട്ടുള്ള പണികൾക്ക് ആ തുക

അനുവദിക്കണം. മെറ്റീരിയൽസിന്റെ റേറ്റ് റിവിഷൻമൂലം പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി റീടെണ്ടർ ചെയ്യേണ്ടിവരുന്നതുകൊണ്ട് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. റോഡുകളും പാലങ്ങളും ഗതാഗത യോഗ്യമാക്കണം.

<u>**ശ്രീമതി ജെ. അരുന്ധതി**</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതുവഴി കാർഷികമേഖലയെ രക്ഷിക്കുന്നതിനും ഗ്രാമീണ മേഖലയിൽ തൊഴിലുണ്ടാക്കുന്നതിനുമായി 40%-ത്തിലധികം തുക നൽകിയിരിക്കുന്നുവെന്നത് സ്വാഗതാർഹമാണ്. നിരാലംബരുടെ ക്ഷേമത്തിനായി 5 ലക്ഷം രൂപ നീക്കിവച്ച് അഴിമതി വിമുക്ത ഭരണം നടത്തിക്കൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. ഈ ഗവൺമെന്റ്. അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന-തദ്ദേശഭരണ വകുപ്പുകൾ സംയോജിപ്പിക്കുകയും ഡി.ആർ.ഡി.എ.യെ ജില്ലാ പഞ്ചായത്തുമായി ലയിപ്പിക്കുകയും ചെയ്തു. നിയമങ്ങളും ചട്ടങ്ങളും പ്രായോഗിക തലത്തിൽ വരുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നിയോഗിച്ച കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കേരളത്തെ മാലിന്യ വിമുക്തമാക്കുന്നതിന് പഞ്ചായത്തുകൾ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നത് സ്വാഗതാർഹമാണ്. ഖരമാലിന്യങ്ങൾ ഫ്യൂവൽ ഗ്യാസായും ഇലക്ട്രിസിറ്റിയായും മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. തൊഴിലുറപ്പു പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. ലീസ് ലാൻഡിംഗ് ഫാമിംഗ് കുടുംബശ്രീ വഴി നടപ്പിലാക്കാനുള്ള ശ്രമം സ്വാഗതാർഹമാണ്. തരിശുഭൂമി കാർഷിക

വൃത്തിക്കുപയോഗിക്കുന്നതിന് കുടുംബശ്രീകൾക്ക് കൂടുതൽ അവസരം നൽകണം. ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ പദ്ധതിയുടെ ഭാഗമായി 17,000 കോടി രൂപയുടെ സിറ്റി ഡവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കിവരുന്നതിനെയും ഭാരത് നിർമ്മാൺ, പി.എം.ജി.എസ്.വൈ. പദ്ധതികൾ പ്രകാരം 776 കിലോമീറ്റർ റോഡിനുള്ള അംഗീകാരം ലഭിച്ചതിനെയും സ്വാഗതം ചെയ്യുന്നു. മുന്നോക്ക വിഭാഗങ്ങളിലെ പാവപ്പെട്ടവരെ പരിഗണിച്ച് സമ്പൂർണ്ണ ഇ.എം.എസ്. ഭവന പദ്ധതി 11-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷത്തിൽ തന്നെ നടപ്പിലാക്കാൻ കഴിയണം. കെട്ടിട നികുതി പുന:പരിശോധന നടത്തിയതിനെ സ്വാഗതം ചെയ്യുന്നു. ഡി.പി.സി.കളിൽ എം.എൽ.എ.മാർക്ക് പങ്കാളിത്തമുണ്ടാകണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 114.75 കോടി രൂപയുടെ മരാമത്തു പണികൾക്ക് ഭരണാനുമതി നൽകിയെന്നത് ശ്രദ്ധേയമാണ്. ഓടകൾ നിലനിർത്തി റോഡുകളുടെ അറ്റകുറ്റപ്പണി നടത്തണം. പി.ഡബ്ലിയു.ഡി. ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ ഓടകൾ സംരക്ഷിക്കുന്നതിന് പഞ്ചായത്തുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം. പി.ഡബ്ലിയു.ഡി.ക്ക് അനുവദിക്കപ്പെട്ട തുക സമയബന്ധിതമായി ചെലവഴിക്കാൻ കഴിയണം. ഈ വകുപ്പിലെ ഒഴിവുകൾ നികത്തുന്നതിനും സുതാര്യവും സത്യസന്ധവുമായി സേവനമനുഷ്ഠിക്കുന്നവരെ അനുമോദിക്കുന്നതിനും നടപടിയുണ്ടാകണം. കെ.എസ്.ടി.പി. പ്രവർത്തനങ്ങളിലെ അപാകതകൾ പരിഹരിച്ച് തകർന്നുകിടക്കുന്ന റോഡുകൾ എത്രയുംപെട്ടെന്ന് പുന:സ്ഥാപിക്കണം. കോൺട്രാക്ടർമാരുടെ കുടിശ്ശിക നൽകുകയും ഏറ്റെടുക്കുന്ന വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം.

ബഡ്ജറ്റിൽ വന്നിട്ടുള്ള മേജർ പാലങ്ങളുടെ നിർമ്മാണം നബാർഡിന്റെ സഹായത്തോടെ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ചെല്ലഞ്ചിപാലത്തിന്റെ പണി ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>**ശ്രീ. തോമസ് ചാണ്ടി:**</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കാർഷിക-വ്യാവസായിക- ടൂറിസം രംഗങ്ങളിൽ വളർച്ചയുണ്ടാക്കാൻ നടപടിയുണ്ടാകണം. റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കണം. ആലപ്പുഴ-ചങ്ങനാശ്ശേരി റൂട്ടിൽ കെ.എസ്.ടി.പി.യുടെ 20 മീറ്റർ വീതിയുള്ള റോഡിന് ആറര മീറ്റർ വീതിയുള്ള നടപ്പാലം പണിതതിനെക്കുറിച്ച് പരിശോധിച്ച് ഡിസൈൻ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാരുടെ കുടിശ്ശിക കൊടുക്കാൻ നടപടിയുണ്ടാകണം.

<u>**ശ്രീ. പി.എം.എ. സലാം:**</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രാദേശിക സർക്കാരുകൾക്ക് വ്യക്തമായ ദിശാബോധം നൽകാനും അവയെ പുതിയ മേഖലകളിലേയ്ക്ക് നയിക്കാനും ഒട്ടേറെ കർമ്മ പരിപാടികൾ കഴിഞ്ഞ ഒരു വർഷത്തിനകം ഈ ഗവൺമെന്റ് നടപ്പാക്കുകയുണ്ടായി. ക്ലീൻ കേരള മിഷനും സമ്പൂർണ്ണ ആരോഗ്യ മിഷനും ചേർന്നു നടപ്പാക്കാനുദ്ദേശിക്കുന്ന മാലിന്യ വിമുക്ത കേരളം പദ്ധതിക്ക് ജനപങ്കാളിത്തം ആവശ്യമാണ്. ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ പദ്ധതി പ്രകാരം കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ യഥാക്രമം 424 കോടി രൂപയുടേയും 389 കോടി രൂപയുടേയും പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കേന്ദ്ര പദ്ധതികൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിഞ്ഞുവെന്നത് ഈ സർക്കാരിന്റെ അഭിമാനകരമായ നേട്ടമാണ്.

കോഴിക്കോട് നഗര വികസനത്തിന് ആവശ്യമായ പരിഗണന നൽകണം. പൊതുമരാമത്തു വകുപ്പിൽ നിലനിൽക്കുന്ന അനിശ്ചിതത്വത്തിന് അറുതി വരുത്തണം. ഒ.ഡി.ആർ., എം.ഡി.ആർ. റോഡുകൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച അവ്യക്തത ഒഴിവാക്കണം. റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകണം. നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ കഴിയുന്ന വിധത്തിൽ റോഡ് വികസനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കണം. കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്കിന് അറുതിവരുത്താൻ കല്ലായി ഓവർബ്രിഡ്ജ് യാഥാർത്ഥ്യമാക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം വഖഫ് ബോർഡും ഹജ്ജ് കമ്മിറ്റിയും വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്നത് നേട്ടം തന്നെയാണ്.

**<u>ശ്രീ. എം.ജെ. ജേക്കബ്</u>**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നഗരവികസനം, പഞ്ചായത്ത്, പൊതുമരാമത്ത്, എന്നീ വകുപ്പുകളിൽ എടുത്തിട്ടുള്ള നടപടികൾ തികച്ചും ശ്ലാഘനീയമാണ്. വളരെ വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പഞ്ചായത്തുകൾക്ക് അധികാരവും വിഭവവും കൊടുക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. ജനകീയാസൂത്രണ പദ്ധതി വഴി ഗ്രാമങ്ങളുടെ മുഖച്ഛായ മാറ്റിയെടുക്കാൻ സാധിച്ചു. ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതിന്റെ ഫലമായി ഗ്രാമങ്ങളിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞു. കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ 370-ഓളം കോടി രൂപ മുടക്കി റോഡുകളുടെ മെയിന്റനൻസ് നടത്താൻ

സാധിച്ചു. ഓയിൽ റിഫൈനറിക്കുള്ള കുടിശ്ശിക ഏകദേശം കൊടുത്തു തീർത്തു. റോഡുകളുടെ വികസനത്തെ കണ്ടില്ലെന്നു നടിക്കുന്ന പ്രതിപക്ഷ സമീപനം ശരിയല്ല. ശബരിമലയേയും കൊച്ചിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന നടക്കാവ്- കൂത്താട്ടുകുളം റോഡ് നാല് ഘട്ടമായിട്ടെങ്കിലും പൂർത്തീകരിക്കാനാ വശ്യമായ നടപടി സ്വീകരിക്കണം. ഏറ്റുമാനൂർ-നെടുമ്പാശ്ശേരി റോഡ് എത്രയുംവേഗം പൂർത്തിയാക്കണം. ഒ.ഡി.ആർ എം.ഡി.ആർ റോഡുകളുടെ കാര്യത്തിൽ വ്യക്തതയുണ്ടാകണം. റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും വെള്ളം ഒഴുകിപ്പോകാനുള്ള സൗകര്യമുണ്ടാക്കുകയും ചെയ്യണം.

**ശ്രീ. അൽഫോൺസ് കണ്ണന്താനം**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളം വൃത്തിയായി സൂക്ഷിക്കേണ്ടത് ത്രിതല പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്. ഇപ്പോൾ ത്രിതല പഞ്ചായത്തുകൾക്ക് ധാരാളം ഫണ്ടും അതിന് വേണ്ടുന്ന സൗകര്യങ്ങളും ഉണ്ട്. ഈ സൗകര്യം ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ല. വൃത്തിയുടെ കാര്യത്തിൽ ശ്രദ്ധിച്ചാൽ ധാരാളം ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയും. ഇക്കാര്യത്തിൽ ആവശ്യമായ നടപടികളെടുക്കണം. മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ബ്ളോക്കടിസ്ഥാനത്തിൽ ഇൻസിനറേറ്ററുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. എം.ജി. റോഡും സഹോദരൻ അയ്യപ്പൻ റോഡും വീതികൂട്ടാനുള്ള നടപടി സമയബന്ധിതമായി പൂർത്തിയാക്കണം. പ്ളാനിംഗ് ബോർഡിൽ നിന്ന് പൊതുമരാമത്ത് വകുപ്പിന് കൂടുതൽ ഫണ്ട് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. പി.ഡബ്ള്യൂ.ഡി മാനുവൽ അനുസരിച്ച് റോഡ് മെയിന്റനൻസ് നടത്തണം.

<u>ശ്രീ. എം.എ. വാഹിദ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ റോഡുകളുടെ സ്ഥിതി വളരെ ദയനീയമാണ്. പണം കൊടുക്കാത്തതിന്റെ പേരിൽ കോൺട്രാക്ടർമാർ ആത്മഹത്യയുടെ വക്കിലാണ്. . യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കരാറുകാർക്ക് കുടിശ്ശികയിനത്തിൽ കൊടുക്കാനുണ്ടായിരുന്ന തുക കൊടുത്തുതീർത്തു. ഈ ഗവൺമെന്റിന് കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുക്കാൻ സാധിച്ചിട്ടില്ല. ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് കൊടുക്കാനുണ്ടായിരുന്ന തുകയും കഴിഞ്ഞ ഗവൺമെന്റ് സമയബന്ധിതമായി കൊടുത്തു തീർത്തു. നബാർഡ് വഴിയുള്ള പണികൾ ഇപ്പോൾ നടക്കുന്നില്ല. യു,ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ടെന്റർ ചെയ്ത റോഡ് പണികളും നിലച്ചു. സി.ആർ.എഫ് അനുസരിച്ചുള്ള റോഡ് പണികളും ഇപ്പോൾ നടക്കുന്നില്ല. ഒ.ഡി.ആർ റോഡുകളുടെ പണിയും ഇപ്പോൾ ഉപേക്ഷിച്ച മട്ടിലാണ്. വികസന പദ്ധതികൾ സംബന്ധിച്ച ചെലവുകളുടെ ക്രമീകരണം ഉണ്ടായിരുന്നത് യു.ഡി.എഫ്. ഭരണകാലത്തായിരുന്നു. പ്രാദേശിക ജനപ്രതിനിധികളെ അഴിമതിക്കാരാക്കി മാറ്റിയതിൽ ജനകീയാസൂത്രണത്തിന് വലിയ പങ്കുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണകാലത്ത് പഞ്ചായത്ത്ഭരണം അഴിമതിയിൽ മുങ്ങിക്കുളിച്ചതായിരുന്നു. ആരോഗ്യ പദ്ധതിയടക്കമുള്ള പല പദ്ധതികളും എൽ.ഡി.എഫ്. ഭരണകാലത്ത് നിറുത്തലാക്കി. കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിന് നഷ്ടപ്പെടാനിടവന്നതും കേന്ദ്രവിഹിതമായി ലഭിക്കേണ്ട കോടിക്കണക്കിന് രൂപ നഷ്ടപ്പെട്ടതുമെല്ലാം എൽ.ഡി.എഫ്. ഭരണകാലത്താണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് അമിതാധികാരം കൊടുക്കുമ്പോൾ അവിടെ ആവശ്യത്തിന് ഉദ്യോഗസ്ഥരെ

നിയമിക്കണം. ഗ്രാമീണറോഡുകൾ ഉൾപ്പെടെ പലതിന്റേയും അധികാരം പൂർണ്ണമായും പഞ്ചായത്തുകൾക്ക് കൈമാറി. ഉള്ള ചുമതലകൾ തന്നെ കാര്യക്ഷമമായി നടത്താൻ പറ്റാത്ത സാഹചര്യത്തിൽ വിദ്യാഭ്യാസ ചുമതലകൂടി പഞ്ചായത്തുകളെ ഏൽപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

**ശ്രീ. ജോർജ്ജ് എം. തോമസ്:.** ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങളിൽ പ്രതീക്ഷയുണർത്തുന്ന രീതിയിലുള്ള ഭരണമാണ് തുടക്കം മുതൽ ഈ ഗവൺമെന്റ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. ഭരണത്തിലേറുന്ന സമയത്ത് ഭാരിച്ച പൊതുകടം ഉണ്ടായിരുന്നിട്ടുപോലും ജനങ്ങൾക്ക് നിഷേധിക്കപ്പെട്ട ആനുകൂല്യങ്ങൾ പൂർണ്ണമായും കൊടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് ഭരണം തുടങ്ങിയത്. 22 പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലാക്കാനും ജനകീയാസൂത്രണ പദ്ധതിയിലൂടെ നല്ലൊരു പഞ്ചായത്തു ഭരണം കാഴ്ചവയ്ക്കാനും എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചു. വരുമാനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തിയും ദുർച്ചെലവുകൾ നിയന്ത്രിച്ചും ഫലപ്രദമായ ധനകാര്യ മാനേജ്മെന്റാണ് ഗവൺമെന്റ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ജില്ലാപഞ്ചായത്തിന്റെ അധീനതയിലാക്കി ഡി.ആർ.ഡി.എ. സംവിധാനം മെച്ചപ്പെടുത്തുകയും പൊതുസ്ഥലംമാറ്റത്തിന് മാനദണ്ഡം നിശ്ചയിക്കുകയും ചെയ്തു. കുടുംബശ്രീ പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചു. കേന്ദ്രഗവൺമെന്റിൽ നിന്ന് 733 കിലോമീറ്റർ റോഡുകൾക്കായി 2006-07-ൽ 225.69 കോടി രൂപ ലഭ്യമാക്കി. റൂറൽ ബിസിനസ് ഹബ്ബുകൾക്ക് കൂടുതൽ തുക അനുവദിക്കണം. കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക വൺടൈം സെറ്റിൽമെന്റ് എന്ന നിലയിൽ കൊടുക്കാൻ തീരുമാനമെടുത്തത് അനുകൂല പ്രതിഫലനം ഉണ്ടാക്കി. . 845 കോടി രൂപയുടെ കുടിശ്ശിക കൊടുത്തു തീർത്തു.

ഗതാഗതം സുഗമമാക്കുന്നതിനായി വയനാട് ബദൽ റോഡ് പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

**ശ്രീ. കെ. അജിത്:** ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പി.ഡബ്ളിയു.ഡി. റോഡുപണിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടാർ വാങ്ങിയ ഇനത്തിൽ കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക ഈ ഗവൺമെന്റ് കൊടുത്തു തീർത്തു. ധനകാര്യ വകുപ്പും പൊതുമരാമത്തു വകുപ്പുമായി യോജിച്ച് തീരുമാനമെടുത്ത് നിർത്തിവച്ച എം.ഡി.ആർ, ഒ.ഡി.ആർ റോഡുകൾ പുന:സ്ഥാപിക്കണം. സംസ്ഥാനത്തെ റോഡുവികസനത്തിന് കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് കക്ഷിഭേദമെന്യേ കൂട്ടായി പ്രയത്നിക്കണം. സ്മാർട്ട് സിറ്റി, കണ്ടെയ്നർ ടെർമിനൽ തുടങ്ങിയവ സാക്ഷാത്ക്കരിക്കപ്പെടുന്നതോടുകൂടി ഉണ്ടാകുന്ന സമഗ്രവികസനത്തിന് റോഡ് മാർഗ്ഗേനയുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കണം. പാട്ടത്തിന് നൽകിയിരുന്ന പി.ഡബ്ളിയു.ഡി. റസ്റ്റ് ഹൗസുകൾ തിരിച്ചെടുത്ത നടപടി സ്വാഗതാർഹമാണ്. കല്ലറ-വെച്ചൂർ റോഡിന്റെ നിർമ്മാണം തടസ്സപ്പെട്ടതിന് ഉത്തരവാദികളായ കോൺട്രാക്ടർമാർക്കും ഉദ്യോഗസ്ഥർക്കുമെതിരെ കർശന നടപടി സ്വീകരിക്കണം. റോഡു വർക്കിന്റെ കാര്യത്തിൽ ഉദ്യോഗസ്ഥൻമാർ മെറ്റീരിയൽസിന് കുറഞ്ഞ റേറ്റ് നിശ്ചയിക്കുന്ന രീതി ശരിയല്ല. പഞ്ചായത്ത് പ്രസിഡന്റുമാരുടെയും മെമ്പർമാരുടെയും ഓണറേറിയം വർദ്ധിപ്പിക്കണം. പൊതുമരാമത്ത് വകുപ്പിനുള്ള വിഹിതം വർദ്ധിപ്പിക്കണം.

**ശ്രീ. വി. ജെ. തങ്കപ്പൻ:** ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വർഷകാലത്തെ റിപ്പെയറുകൾ മുൻകൂട്ടി കണ്ടുകൊണ്ട് സംസ്ഥാനത്തെ റോഡുകൾ സഞ്ചാര യോഗ്യമാക്കാനാവശ്യമായ ബഡ്ജറ്റ് വിഹിതം

പൊതുമരാമത്ത് വകുപ്പിന് അനുവദിക്കണം. എൻ.എച്ച്.47-ൽ കരമന പാലം മുതൽ നേമം വരെയുള്ള ഭാഗം വീതികൂട്ടി ആറുവരിപ്പാതയാക്കാനും നേമം മുതൽ അമരവിള വരെ നാലുവരിപ്പാതയാക്കാനും അടിയന്തിര നടപടി സ്വീകരിക്കണം. പഞ്ചായത്ത് രാജ് നിയമമനുസരിച്ച് പ്രാദേശിക ഗവൺമെന്റുകൾക്ക് അധികാരങ്ങൾ കൈമാറുന്നതു സംബന്ധിച്ചും ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ചുമുള്ള റൂൾസ് പുറപ്പെടുവിക്കണം. മുൻഗവൺമെന്റിന്റെ കാലത്ത് നിലച്ചിരുന്ന ഉദ്യോഗസ്ഥ പുനർവിന്യാസം പുനരാരംഭിക്കാനും അവരെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരായി കണക്കാക്കാനും അവരുടെ ശമ്പളം അതാതു സ്ഥാപനം വഴി വിതരണം ചെയ്യാനുമുള്ള നടപടികൾ സ്വീകരിക്കണം. തദ്ദേശഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ ഇപ്പോഴുള്ള നികുതി പിരിവ് അവർ ഊർജ്ജിതമാക്കണം. സമ്പത്ത് കണ്ടെത്തുന്നതിനുവേണ്ടി ചട്ടങ്ങൾക്കും ഫിനാൻഷ്യൽ കോഡിനും വിധേയമായി നികുതി ചുമത്താനും അതു പിരിച്ചെടുക്കാനുമുള്ള അധികാരവും നൽകണം. പ്രാദേശിക ഗവൺമെന്റുകൾ അവരുടെ ജോലികൾ കൃത്യമായി നിർവ്വഹിക്കണമെന്ന് ശക്തമായി ആവശ്യപ്പെടാൻ ഗവൺമെന്റ് തയ്യാറാകണം. ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാനും അത് പ്രോപ്പർ ആയി എക്സിക്യൂട്ട് ചെയ്യാനുമുള്ള സംവിധാനമുണ്ടാക്കണം. സുസ്ഥിര നഗര വികസന പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ ശക്തമായ ഭരണ സംവിധാനമുണ്ടാക്കണം.

<u>**ശ്രീ. കെ. ബാബു**</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റോഡുകളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണണം. പ്രീ-മൺസൂൺ വർക്കുകൾ

നടത്താനാവശ്യമായ തുക വകയിരുത്തണം. ഒ.ഡി.ആർ, എം.ഡി.ആർ. റോഡുകളുടെ ഏറ്റെടുക്കൽ നടപടിയിലുണ്ടായ അനിശ്ചിതത്വം ഇല്ലാതാക്കണം. കെ.എസ്.ടി.പി. വർക്കുകളുടെ രണ്ടാംഘട്ടം എത്രയും പെട്ടെന്ന് ആരംഭിക്കണം. നബാർഡിൽനിന്നും കിട്ടാവുന്ന വായ്പയെടുത്ത് സംസ്ഥാനത്തെ റോഡുകളുടെ വർക്കുകൾ പൂർത്തിയാക്കണം. ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന റോഡുകളിൽ നിന്നും ടോൾ പിരിക്കാൻ പാടില്ല എന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനമെങ്കിൽ അതിന് ബദൽ സംവിധാനമുണ്ടാക്കണം. നാഷണൽ ഹൈവേയുടെ കാര്യത്തിലുള്ള അനിശ്ചിതത്വം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. ആർ.ബി.ഡി.സി.ക്ക് ഏറ്റെടുത്ത വർക്കുകൾ പൂർത്തീകരിക്കാനോ പുതിയ വർക്കുകൾ ഏറ്റെടുക്കാനോ സാധിക്കുന്നില്ല. കൊച്ചി നഗരം മാലിന്യംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. 2000-ത്തിലെ സോളിഡ് വേസ്റ്റ് മാനേജുമെന്റ് നിയമ പ്രകാരം സംസ്ഥാനത്ത് ഒരിടത്തും മാലിന്യം സംസ്ക്കരിക്കാൻ കഴിയുന്നില്ല. മാനദണ്ഡം ലംഘിച്ചാണ് അറവുശാലകൾ പ്രവർത്തിക്കുന്നത്. 14 വർഷത്തെ കെട്ടിട നികുതി ഒരുമിച്ച് പിരിക്കുന്ന നടപടി ശരിയല്ല. കെട്ടിട നികുതി നിർണ്ണയത്തിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം പുന:പരിശോധിക്കണം. റീട്ടെയിൽ വ്യാപാര രംഗത്ത് കുത്തകകൾ കടന്നുവരുന്നതു തടയാൻ നടപടി സ്വീകരിക്കണം. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് നൽകാത്തതുകൊണ്ടാണ് ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ സ്കീം സംസ്ഥാനത്ത് നടപ്പാക്കാൻ സാധിക്കാത്തത്. കുടുംബ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കുള്ള ബദൽ പദ്ധതി കൊണ്ടുവരാത്തത് സംബന്ധിച്ച് വിശദീകരിക്കണം. കൊച്ചിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് തിരക്കുള്ള ജംഗ്ഷനുകളിൽ ഫ്ളൈ ഓവർ നിർമ്മിക്കാൻ നടപടി സ്വീകരി

ക്കണം. സീ പോർട്ട്-എയർ പോർട്ട് റോഡുകളുടെ രണ്ടാം ഘട്ട പണി ഇതുവരെ ആരംഭിച്ചിട്ടില്ല.

**തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):** ഗൗരവമായ ചർച്ചയിലൂടെയും തിരുത്തലിലൂടെയും മാത്രമേ ഈ വകുപ്പിന് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിക്കൂ. 9-ാം പഞ്ചവൽസര പദ്ധതിയുടെ ആരംഭ ഘട്ടത്തിലാണ് ജനകീയാസൂത്രണം നടപ്പാക്കാൻ തീരുമാനിച്ചത്. ജനകീയാസൂത്രണംവഴി പഞ്ചായത്തുകൾക്ക് പ്ളാൻ ഫണ്ടിലൂടെ കൂടുതൽ തുക വകയിരുത്തുകയും വിവിധ വകുപ്പുകളിൽനിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അധികാരം വിട്ടുകൊടുക്കുകയുമാണ് ചെയ്തത്. ജീവനക്കാരെ പുനർവിന്യസിപ്പിച്ചുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം നല്ല രീതിയിൽ കൊണ്ടുപോകണമെന്ന സെൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കുകയും കുറേ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉദ്യോഗസ്ഥരെ പുനർവിന്യാസിപ്പിക്കുന്നതിനായി ബന്ധപ്പെട്ട മന്ത്രിമാർ നടപടി സ്വീകരിച്ചതിന്റെ ഫലമായി തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടു വരുകയാണ്. കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ചെലവഴിച്ച് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് കൂട്ടായ ശ്രമം ആവശ്യമാണ്. അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും അതിലെ വീഴ്ചകൾ കണ്ടെത്തി പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ വർഷം ആരംഭിക്കുന്ന 11-ാം പഞ്ചവൽസര പദ്ധതിയിൽ സംസ്ഥാനത്തിന്റെ ഇന്നത്തെ സാഹചര്യം കണക്കിലെടുത്ത് വേണ്ട രീതിയിലുള്ള മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഈ ഗവൺമെന്റ് കാർഷിക മേഖല

യുടെ പ്രാധാന്യം കണക്കിലെടുത്ത് ഒട്ടേറെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 11–ാം പഞ്ചവൽസര പദ്ധതിയിലൂടെ തകർച്ചയുടെ കാരണങ്ങൾ കണ്ടെത്തി കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യ മായ നടപടി സ്വീകരിക്കും. ജനങ്ങളുടെ സഹകരണത്തോടെ മാത്രമേ മാലി ന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാൻ സാധി ക്കൂ. അതിലൂടെ ശുചിത്വ കേരളം എന്ന പദ്ധതി പ്രാവർത്തികമാക്കാൻ കഴി യും. സാമ്പത്തിക പ്രതിസന്ധിയില്ലാതെ പഞ്ചായത്തുകളിൽ കൂടുതൽ ജീവനക്കാരെ പുനർവിന്യസിപ്പിക്കും. പാലക്കാട്, വയനാട് ജില്ലകളിൽ നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതിയുടെ വർക്ക് എസ്റ്റിമേറ്റ് എടുക്കാത്തതു കൊണ്ടാണ് തൊഴിലാളികൾക്ക് യഥാസമയം കൂലി കൊടുക്കുവാൻ കഴി യാത്തത്. ഈ വർക്കുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിൽ കൂടുതൽ എഞ്ചി നീയർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എറണാകുളത്തെ മാലിന്യ പ്രശ്നം സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ മുഴുവൻ മാലിന്യങ്ങളും ശേഖരിച്ച് സംസ്ക്കരിക്കുന്നത് അശാസ്ത്രീയവും അപ്രായോഗികവുമാണ്. അതാത് സ്ഥലത്തെ മാലിന്യ ങ്ങൾ അതാത് സ്ഥലങ്ങളിൽ സംസ്ക്കരിക്കുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കും. തദ്ദേശസ്വയംഭരണവകുപ്പു മുഖേന വിതരണം ചെയ്യുന്ന വിവിധ പെൻഷനുകൾ ബാങ്ക് വഴിയാക്കുന്നതിന് സംവിധാനം ഏർപ്പെടത്തുന്നതാണ് സ്റ്റാഫിന്റെ കുറവ് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഒരു പ്രത്യേക എൻജിനീയറിംഗ് വിഭാഗം ഏർപ്പെടുത്തും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ അലവൻസ് കാലോചിതമായി പരിഷ്ക്കരിച്ച് ഒക്ടോബർ മാസം മുതൽ നടപ്പിലാക്കാൻ

തീരുമാനമെടുത്തിട്ടുണ്ട്. അംഗൻവാടികളിലെ ടീച്ചർമാർക്കും ആയമാർക്കും തദ്ദേശസ്വയംഭരണവകുപ്പ് നൽകുന്ന അലവൻസുകൾ വർദ്ധിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് വീട് വയ്ക്കാൻ ഭൂമിയില്ലാത്ത മുഴുവൻ ആളുകൾക്കും 2 കൊല്ലം കൊണ്ട് ഭൂമിയും 5 കൊല്ലം കൊണ്ട് വീടും വച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ആശ്രയ, ലീസ് ലാൻഡ് ഫാമിംഗ്, കുടംബശ്രീ പദ്ധതികൾ എല്ലാ പഞ്ചായത്തുകളിലും വ്യാപകമാക്കാനും കെട്ടിട നിർമ്മാണ ചട്ടത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനും നടപടി സ്വീകരിക്കുന്നതാണ്. ഹജ്ജ് ഹൗസിന്റെ നിർമ്മാണം പൂർത്തിയാക്കി ഈ വർഷത്തെ ഹജ്ജ് യാത്ര അവിടെ നിന്ന് ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കെട്ടിട നികുതി വർദ്ധനവ് ജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നു എന്നു തോന്നിയാൽ പരിശോധിച്ച് ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്. പാവപ്പെട്ട ആളുകൾക്ക് ആനുകൂല്യങ്ങൾ കിട്ടത്തക്ക വിധത്തിൽ ആരോഗ്യസുരക്ഷാ പദ്ധതി തയ്യാറാക്കുന്നതാണ്. രാഷ്ട്രീയ വിവേചനം വച്ച് പഞ്ചായത്തുകളോട് പെരുമാറുന്നുവെന്ന പ്രതിപക്ഷത്തിന്റെ ആരോപണം അടിസ്ഥാനരഹിതമാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**മരാമത്ത് വകുപ്പുമന്ത്രി** **(<u>ശ്രീ. റ്റി.യു. കുരുവിള</u>)**: ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിരേഖപ്പെടുത്തുന്നു. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശികയായ 887 കോടി രൂപ ചില നിബന്ധനകൾക്ക് വിധേയമായി ലോണെടുത്ത് കൊടുക്കുന്നതിന് ഗവണ്മെന്റ് തയ്യാറാണ്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിരുന്ന ഒ.ഡി.ആർ. വർക്കുകൾ നിബന്ധനകളും നടപടിക്രമങ്ങളും പൂർത്തീകരിച്ച്

ഏറ്റെടുക്കുന്നതാണ്. ഒരു നിയോജകമണ്ഡലത്തിൽ ഒരു വർക്ക് എന്ന ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് ഓരോ എം.എൽ.എ.-യുടേയും നിയോജകമണ്ഡലത്തിൽ ഒരു കോടി രൂപയുടെ രണ്ടു വർക്കുകൾ എടുക്കുമ്പോൾ അതിൽ ഒ.ഡി.ആർ. ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ഓരോ വർഷവും 2000 കിലോമീറ്റർ വച്ച് 10,000 കിലോമീറ്റർ റോഡ് മെയിന്റെനൻസ് ഉൾപ്പെടെ 5 വർഷംകൊണ്ട് ചെയ്തുതീർക്കുന്ന പദ്ധതിക്ക് രൂപം കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അങ്ങനെ ചെയ്യുമ്പോൾ ലോൺ എടുക്കുന്ന തുക നോൺ പ്ലാനിലെ മെയിന്റനൻസ് തുകയിൽനിന്നും അടച്ചുതീർക്കാൻ കഴിയും. കെ.എസ്.ടി.പി.യുടെ 8 വർക്കുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. മുടങ്ങിക്കിടക്കുന്ന വർക്കുകളുടെ പണി ടെന്റർ വിളിച്ച് പൂർത്തിയാക്കുന്നതാണ്. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള എല്ലാ വർക്കുകളും നടക്കുന്നുണ്ട്. മുടങ്ങിക്കിടക്കുന്ന വർക്കുകൾ ഹഡ്കോയിൽ നിന്നും ലോൺ എടുത്ത് തീർക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന 106 പാലങ്ങളുടേയും 64 റോഡുകളുടേയും പണികൾ ഉടൻ ആരംഭിക്കുന്നതാണ്. ഇതിന് 483 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. 2006-07 സാമ്പത്തികവർഷം 27 പാലങ്ങൾക്കും 26 റോഡുകൾക്കുംകൂടി 144.7 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. 92.1 കോടി രൂപയിൽ 434 ലക്ഷം രൂപയുടെ 8 സുനാമി വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് സേഫ്റ്റിക്ക് രൂപംകൊടുത്ത വർക്കുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. റോഡ് കയ്യേറ്റങ്ങൾ തടയുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നടപ്പിലാക്കാൻ

തീരുമാനമെടുത്തിട്ടുണ്ട്. ബിൽഡിംഗ് ലൈനും കൺട്രോൾ ലൈനും നിശ്ചയിച്ച് റോഡിന്റെ ഇരുവശത്തുമുള്ള നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതാണ്. 838 കിലോമീറ്റർ വരുന്ന എൻ.എച്ച്.47-നും എൻ.എച്ച്.17-ഉം ആറുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽപ്പെടുത്തിയ 36 വർക്കുകൾക്ക് 225 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 11 പ്രവൃത്തികൾ പൂർത്തിയായി. 17 പ്രവൃത്തികൾ പുരോഗതിയിലാണ്. 8 പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. ടാറിംഗിനുപകരം പ്ലാസ്റ്റിക് ഉപയോഗിച്ചാൽ ഒരു കിലോമീറ്റർ റോഡിന് 5455 രൂപയുടെ ലാഭമുണ്ടാകും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും 28-നെതിരെ 71 വോട്ടുകളോടെയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥന 28-നെതിരെ 72 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 4.16-ന് പിരിഞ്ഞു.

***************